# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PTA.P4/229/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PTA.P4/229/2023 തീയ്യതി: 30/03/2023

## പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 13-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2023 | 13-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ

ശ്രീ. മഹേഷ് കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖാ ജനാർദ്ധനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സജി കുളത്തുങ്കൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ബാലചന്ദ്രൻ D | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ ദീപ്പ T.K, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 07-07-2021 |
| ശ്രീ മുഹമ്മദ് റിസ | സെക്രട്ടറി | 08-07-2021 | 05-01-2022 |
| ശ്രീ രാജേഷ് R | സെക്രട്ടറി | 06-01-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ദീപ്പ T.K | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-12-2021 |
| ശ്രീമതി കെസ്സി M.T | അസിസ്റ്റന്റ് സെക്രട്ടറി | 06-12-2021 | 31-03-2022 |
| ശ്രീമതി അനിത കുമാരി M.T | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 04-02-2022 |
| ശ്രീമതി സരസ്വതി R | അസിസ്റ്റന്റ് എഞ്ചിനീയർ | 05-02-2022 | 09-02-2022 |
| ശ്രീ രാഘവൻ P.C | അസിസ്റ്റന്റ് എഞ്ചിനീയർ | 10-02-2022 | 31-03-2022 |
| ഡോ. രാഹുൽ ആർ നായർ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ശ്രുതി R S[ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ സജീഷ് കുമാർ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| ശ്രീ ബിനുരാജ് P | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-04-2021 | 31-03-2022 |
| ശ്രീമതി അരുണിമ M N | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നിഷ ആനി ജോസഫ് | ICDS സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി ഷിബിമോൾ | ICDS സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| Dr .സി ബാലചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ ആകർഷ് ജി കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സജി തോമസ് | ഹെഡ് മാസ്റ്റർ, LPS, കുത്താട്ടുകുളം | 01-04-2021 | 07-12-2021 |
| ശ്രീ ബിജു തോമസ് | ഹെഡ് മാസ്റ്റർ, LPS, കുത്താട്ടുകുളം | 08-12-2021 | 31-03-2022 |
| ശ്രീമതി സിന്ധു V | ഫിഷറീസ് എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ഡോ സുജ M.S | മെഡിക്കൽ ഓഫീസർ, F.H,C | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം. | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ 66% വും വിവിധ ഗ്രാന്റുകളിലൂടെ ലഭിച്ച ബാദ്ധ്യത തുക. | 1-11 |
| 12 | വസ്തു നികുതി പിരിച്ചെടുക്കാനുള്ളത് 25.32 ലക്ഷം രൂപ. | 1-12 |
| 13 | വാണിജ്യ കെട്ടിടത്തിനു ഭാഗിക ക്രമവൽക്കരണം അനുവദിച്ചതിൽ ക്രമക്കേട് | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | ലൈസൻസ് ഫീസ് അടയ്ക്കുന്നില്ല | 1-15 |
| 16 | കടമുറി വാടക- അപാകതകൾ | 1-16 |
| 17 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്; ക്യാരി ഓവർ വിഹിതം 49.87 ലക്ഷം രൂപ ലാപ്സാക്കി | 1-17 |
| 18 | ശബരിമല ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച; 61.35 ലക്ഷം രൂപ തനത് ഫണ്ടിൽ കെട്ടികിടക്കുന്നു | 1-18 |
| 19 | സംയുക്ത പദ്ധതികൾ നടപ്പാക്കുന്നില്ല; അക്കൗണ്ടിൽ ഒരു കോടിയിൽപ്പരം രൂപ നിഷ്ക്രീയമായി കിടക്കുന്നു | 1-19 |
| 20 | പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരന് ജാമ്യ നിക്ഷേപം മടക്കി നൽകി; പൊതുഖജനാവിന് 3.1 ലക്ഷം രൂപ നഷ്ടം | 1-20 |
| 21 | പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; ഉയർന്ന നിരക്ക് അനുവദിച്ച ഇനത്തിൽ ഗണ്യമായ നഷ്ടം | 1-21 |
| 22 | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച | 1-22 |
| 23 | കോവിഡ് പ്രതിരോധ പ്രവർത്തനം– ആധികാരിക രേഖകളുടെ അഭാവത്തിൽ ആബുലൻസ് വാടക നൽകി | 1-23 |
| 24 | തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമല്ല | 1-24 |
| 25 | തുക ഡെപ്പോസിറ്റ് ചെയ്യുത് വാട്ടർ അതോറിറ്റിയെ അറിയിച്ചില്ല; എഗ്രിമെന്റ് | 1-25 |

| | | |
|---|---|---|
| | വെച്ചില്ല | |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു | 1-26 |
| 27 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. - അപാതകൾ | 1-27 |
| 28 | പരേതർക്ക് ക്ഷേമ പെൻഷൻ വിതരണം ചെയ്തു - സർക്കാർ ഖജനാവിന് 12 ലക്ഷം രൂപയുടെ നഷ്ടം | 1-28 |
| 29 | മരണമടഞ്ഞവരെയും അനർഹരേയും ക്ഷേമ പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കിയില്ല | 1-29 |
| 30 | കുടിവെള്ള വിതരണം -ജി.പി.എസ്.വിവരങ്ങൾ ഹാജരാക്കിയില്ല | 1-30 |
| 31 | ഇന്ധന ഉപയോഗം-മതിയായ രേഖകളില്ല | 1-31 |
| 32 | വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്ത ഡെപ്പോസിറ്റ് തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-32 |
| 33 | ജാഗ്രതാസമിതി - പ്രവർത്തനം കാര്യക്ഷമമല്ല | 1-33 |
| 34 | അങ്കണവാടികൾക്ക് പഞ്ചായത്തിൽ നിന്ന് വാടക നൽകുന്നില്ല | 1-34 |
| 35 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 1-35 |
| 36 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച | 1-36 |
| 37 | എഫ്.എച്ച്.സിക്ക് മരുന്നു വാങ്ങൽ- മരുന്നു പൂർണ്ണമായി ലഭിച്ചില്ല | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പാർശ്വഭിത്തി നിർമ്മാണത്തിന് (DR Masonry) പ്രായോഗികമല്ലാത്ത നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയതുമൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഗണ്യമായ നഷ്ടം വന്നു. | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-2 |
| 3 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 31.05.2021 ൽ മാത്രമാണ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുള്ളത്. 08.03.2021 ലെ 1ാംതീരുമാനപ്രകാരം മുൻ വർഷത്തെ ബജറ്റ് (2020-21) തുടരാൻ തീരുമാനിച്ചിരുന്നു. ഇലക്ഷൻ പെരുമാറ്റ ചട്ടം വന്നതിനാൽ 31.03.2021 ന മുമ്പ് ബജറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കാൻ കഴിയാതിരുന്നതാണ് സാമ്പത്തിക വർഷം തുടങ്ങി രണ്ട് മാസം ഗ്രാമപഞ്ചായത്തിൽ ബജറ്റില്ലാതെ വിവിധ ഇനങ്ങൾക്ക് തുക ചെലവഴിക്കേണ്ടി വന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

31.05.2021 ൽ അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള സാമ്പത്തിക സ്ഥിതി (മുൻ ബാക്കി) പോലും കണക്കിലെടുക്കാതെയുള്ള ബജറ്റാണ് തയ്യാറാക്കിയതെന്നു താഴെ പറയുന്ന കണക്കുകൾ വ്യക്തമാക്കുന്നുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 4232395 | 18206494 | -13974099 |
| വരവ് | 157168986 | 90966732 | 66202254 |
| ആകെ | 161401381 | 109173226 | 52228155 |
| ചെലവ് | 157005500 | 79417670 | 77587830 |
| നീക്കിയിരിപ്പ് | 4395881 | 29755556 | -25359675 |

## 1-2 വാർഷികധനകാര്യപത്രിക

ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 06.07.2022 ൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ചു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു

1) ഷെഡ്യൂൾ B3 - Code 312100101 Capital Conthution-: മുൻവർഷത്തെ തുക തന്നെയാണ് (₹44303280) തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഉൾപ്പെടുത്തിയിട്ടില്ല.

2) ഷെഡ്യൂൾ B4 -Grant & Contributions For Specefic Purpose -: NREGA ഒഴികെയുള്ളവയുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല .CFC ഗ്രാന്റ് ഇനത്തിലെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ ചെലവു തുകയും വാർഷിക കണക്കിലെ ചെലവ് തുകയും തമ്മിലുള്ള വ്യത്യാസം പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3) ഷെഡ്യൂൾ B5 - Code 33050021 Secured Loans- നീക്കിയിരിപ്പ് തുക പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

4) ഷെഡ്യൂൾ B7- Deposits Received-വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

5) ഷെഡ്യൂൾ B11 – റോഡ് നിർമ്മാണത്തിനായി (കോൺക്രീറ്റ്/ടാറിംഗ്: ചെലവഴിച്ച തൻവർഷ തുക ഫിക്സഡ് അസറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

6) ഷെഡ്യൂൾ B11(a) Capital Work In Progress – പാർട്ട് ബിൽ തുകയുടെ സംക്ഷിപ്ത വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല.

7) ഷെഡ്യൂൾ B18- Loans, Advances, Deposits നീക്കിയിരിപ്പ് തുക കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. വർഷങ്ങളായി ഡെപ്പോസിറ്റ് ചെയ്ത പദ്ധതികളുടെ വിനിയോഗവിവരം ലഭ്യമാക്കി വാർഷിക കണക്കുകളിൽ ക്രമീകരണം നടത്തുന്നില്ല.മുൻ വർഷങ്ങളിൽ PWD യിൽ ഡെപ്പോസിറ്റ് ചെയ്ത 13.60 ലക്ഷം രൂപ നാളിതു വരെ ക്രമീകരിച്ചിട്ടില്ല. തൻ വർഷം KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 1181844 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) തൊഴിലുറപ്പ് പദ്ധതിയുടെ വരവുചെലവുകണക്കുകൾ വാർഷികധനകാര്യപത്രികയിലെ (I6) തുകയുമായി പൊരുത്തപ്പെടുന്നില്ല

9) ഷെഡ്യൂൾ I1, RP-43, B15 – വസ്തുനികുതി സംബന്ധിച്ച് സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/10.03.2023 ) ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ മറുപടിയോ രേഖകളോ ഹാജരാക്കിയിരുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18206494 |
| വരവ് | 90966732 |
| ആകെ | 109173226 |
| ചെലവ് | 79309670 |
| നീക്കിയിരുപ്പ് | 29863556 |

## 1-4 ഗ്രാന്റ് വിനിയോഗം.

| ഫണ്ട് | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം ലഭിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക/ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16346311 | 16346311 | 15656166 | 690145 |
| വികസന ഫണ്ട് (SCP) | 0 | 8597900 | 8597900 | 6527800 | 2070100 |
| വികസന ഫണ്ട് (TSP) | 0 | 1895200 | 1895200 | 1719000 | 176200 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 9049880 | 9049880 | 1585529 | 7464351 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) | 0 | 3422635 | 3422635 | 1913455 | 1509180 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 11406200 | 11406200 | 8639222 | 2766978 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 7172092 | 7172092 | 4698911 | 2473181 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ICDS | 754825 | 1261944 | 2016769 | 1026792 | 989977 |
| MGNREGS | 6467 | 567431 | 573898 | 573898 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| ശബരിമല സ്പെഷ്യൽ ഫണ്ട് | 4452054 | 1730000 | 6182054 | 46592 | 6135462 |

ഗ്രാന്റ് വിനിയോഗ പത്രിക -അപാകതകൾ.

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹1007400 രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹513334 രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹44000 രൂപ വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹58666 രൂപ വികസന ഫണ്ട് (റ്റി.എസ്.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 187 | 111842949 | 148 | 48475386 | 39 | 79.14 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നിർവ്വഹണം നടത്തിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 3974110 | 10 | 2892630 | 78.79 |
| 2 | വെറ്റിനറി സർജൻ | 8 | 6551600 | 10 | 5147438 | 78.56 |
| 3 | മെഡിക്കൽ ഓഫീസർ (CHC) | 3 | 1400000 | 2 | 1197566 | 85.54 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 500000 | 2 | 423069 | 84.61 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 1042279 | 2 | 1034097 | 99.21 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 53843776 | 15 | 11711363 | 21.75 |
| 7 | ICDS സൂപ്പർവൈസർ | 15 | 7162410 | 14 | 4860790 | 67.85 |
| 8 | സെക്രട്ടറി | 43 | 12003993 | 27 | 5839604 | 48.64 |
| 9 | ഹെഡ് മാസ്റ്റർ, ഗവ: LP സ്കൂൾ | 9 | 1784000 | 9 | 1768365 | 99.12 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 20361781 | 49 | 11742220 | 57.67 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1900000 | 2 | 1046437 | 55.08 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 950000 | 5 | 713707 | 75.12 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 369000 | 1 | 98100 | 26.58 |
| | ആകെ | 187 | 111842949 | 148 | 48475386 | 43.34 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6467 | 567431 | 573898 | 573898 | 0 |
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകിയത് | 0 | 29733099 | 29733099 | 29733099 | 0 |
| ആകെ | 6467 | 30300530 | 30306997 | 30306997 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ്* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 224 | 3361100 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള | 253 | 3531200 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാ പെൻഷൻ | 824 | 12081800 |
| വാർദ്ധക്യകാല പെൻഷൻ | 1992 | 26787200 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 412600 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2023ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13621 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കണക്കുകൾ മാസാന്ത്യ,വർഷാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല. അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനവും തൃപ്തികരമല്ല.കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർതുടങ്ങിയവ വർഷാവസാനം ക്ലോസ് ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല.മുൻവർഷങ്ങളിൽ ക്രമീകരിക്കാനുള്ള നിക്ഷേപ തുകകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.ചട്ടപ്രകാരം മിനുട്ട്സ് പൂർത്തിയാക്കുന്നില്ല.2023വർഷത്തിൽ 18-1-23,31-1-23,13-2-23,28-2-23 എന്നീതീയതികളിലെ മിനുട്ട്സ് പൂർത്തീകരിച്ചിട്ടില്ല. തനത്ഫണ്ട് വൗച്ചറുകൾ പ്രസിഡണ്ട് കൈയ്യൊപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

തെരുവ് വിളക്ക്,പൊതുടാപ്പ് എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. തെരുവ് വിളക്ക് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഒരുവാർഡിൽ മാത്രമാണ് തെരുവ് വിളക്ക് പരിപാലനം നടന്നിട്ടുള്ളത്. തെരുവ് വിളക്ക് പരിപാലനത്തിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത്,നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.205പൊതുടാപ്പുകൾക്ക് ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നുണ്ടെങ്കിലും ജലം ലഭിക്കുന്ന ടാപ്പുകൾ സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയിട്ടില്ല. 5250/വർഷം എന്നനിരക്ക് നിലവിൽ 14559/വർഷം എന്ന നിരക്കിലേക്ക് ഉയർന്നിരിക്കുകയാണ്. ആയത് തനത്ഫണ്ടിന്റെ നിലയെ പ്രതികൂലമായി ബാധിക്കുന്നു.

വിവിധ ക്ഷേമ പെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ ഗുണഭോക്തൃപട്ടികയിൽ നിന്നും അവരെ ഒഴിവാക്കുന്നില്ല.ഇപ്രകാരം 2020-ൽ മരണപ്പെട്ടവരെ ഇപ്പോഴും പെൻഷൻ പട്ടികയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 25.10.2016 -05.11.2016 | 2011-12 മുതൽ 2015-16 | 03.01.2017 |
| പെർഫോമൻസ് ഓഡിറ്റ് | 01-07-2022 | 01-2022 മുതൽ 03-2022 വരെ | 24.07.2022 |

## 1-11 പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ 66% വും വിവിധ ഗ്രാന്റുകളിലൂടെ ലഭിച്ച ബാദ്ധ്യത തുക.

ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ട് പരിശോധിച്ചാൽ നിലവിൽ അവശേഷിക്കുന്ന തുകയുടെ 66.71% തുകയും വിവിധ ഗ്രാന്റുകളിലൂടെ സർക്കാർ/മറ്റു സ്ഥാപനങ്ങൾ നൽകിയ തുകയാണ് എന്ന ബോദ്ധ്യപ്പെട്ടു . തനതു ഫണ്ട് ബാലൻസ് തുകയായ 1.68 കോടി രൂപയിൽ 1.12 കോടി രൂപയും ശബരിമല ഗ്രാന്റ് ICDS കേന്ദ്ര വിഹിതം, ശുചിത്വമിഷൻ ഗ്രാന്റ് എന്നിവയ്ക്കായ ലഭിച്ച ഗ്രാന്റ് തുകയാണ്.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി കേരള ബാങ്കിലാണ് അക്കൗണ്ട് ഉള്ളത്. ആയതിന്റെ 31-03-2022 പ്രകാരമുള്ള നീക്കിയിരുപ്പ് 16841551 ആണ്.

വിവിധ കേന്ദ്ര/സസ്ഥാനാവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള 31.03.2022 ലെ നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| ICDS കേന്ദ്ര വിഹിതം | 989977 |
| ശുചിത്വമിഷൻ ഗ്രാന്റ് | 2856705 |
| ശബരിമല ഗ്രാന്റ് | 6135462 |
| ആകെ | 9982144 |

സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 838234 രൂപയുടെയും ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കായി 414680 രൂപയുടെയും ബാധ്യതയുണ്ട്. ഇപ്രകാരം ആകെ 11235058 രൂപയുടെ ബാധ്യത കിഴിച്ചാൽ 5606493 രൂപ മാത്രം തനതുഫണ്ടായി കണക്കിലെടുക്കാവുന്നതാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിച്ച് ചെലവഴിക്കാതിരുന്നതുമൂലം തനതുഫണ്ടിലെ ചെലവുകൾ നിയന്ത്രിക്കാൻ കഴിയാതെ വരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റ തനതു ചെലവു നടത്താൻ 89.92 ലക്ഷം രൂപ അധികമായി വേണ്ടി വരുന്നു .

തൻവർഷത്തെ നികുതി നികുതിയേതര വരുമാനത്തേക്കാൾ 89.92 ലക്ഷം രൂപ കൂടി തനതു ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിനു കണ്ടെത്തേണ്ടി വരുന്നുണ്ട്. പൊതു ആവശ്യ ഗ്രാന്റായി സർക്കാർ നൽകുന്ന തുകയിൽ നിന്നുമാണ് ഇത്തരത്തിൽ അധിക തുക കണ്ടെത്തുന്നത്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനതു വരുമാനം | തുക | തനതു ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 4658667 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (I-10b) | 12510705 |
| വാടക (I-3) | 1618030 | ഭരണപരമായ ചെലവുകൾ (I-11b) | 833511 |
| ഫീസുകളും യൂസർ ചാർജ്ജും (I-4b) | 811946 | പ്രവർത്തന ചെലവുകളും പരിപാലനവും (I-12b)) | 3170887 |
| വിൽപ്പനയും കൂലി ചാർജ്ജും (I-5b) | 31355 | | |
| പലിശ (I-8) | 388880 | | |
| മറ്റു വരുമാനം (I-9) | 14080 | | |
| വരവിൽ കവിഞ്ഞ ചെലവ് | 8992145 | | |
| ആകെ | 16515103 | | 16515103 |

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 10370173 രൂപയാണ്). മേൽ കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 89.92 ലക്ഷം രൂപയാണ്. തനത് ഫണ്ടിന്റെ അഭാവം കാരണം ജീവനക്കാരുടെ പി.എഫ്. വിഹിതം, പെൻഷൻ കോൺട്രിബ്യൂഷൻ തുടങ്ങിയ റിക്കവറികൾ കൃത്യമായി അടയ്ക്കാൻ കഴിയുന്നില്ല.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്.

## 1-12 വസ്തു നികുതി പിരിച്ചെടുക്കാനുള്ളത് 25.32 ലക്ഷം രൂപ.

വാർഷിക ധനകാര്യ പത്രിക പ്രകാരം (ഷെഡ്യൂൾ B-15) വസ്തു നികുതി കുടിശ്ശികയായി 25.32 ലക്ഷം രൂപഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് കോഡ് | ഇനം | കുടിശ്ശിക തുക |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings. (Current) | 457,906 |
| 431100102 | Receivables For Property Tax On Residential Buildings. (Arrears) | 166,041 |
| 431100103 | Receivables For Property Tax On Non-Residential Buildings. (Current) | 512,572 |
| 431100104 | Receivables For Property Tax On Non-Residential Buildings. (Arrears) | 1,395,515 |
| ആകെ | | 2532034 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം DCB പത്രിക പ്രകാരമുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻവർഷ കുടിശ്ശിക | തൻവർഷം | ആകെ | മുൻവർഷ കുടിശ്ശിക | തൻവർഷം | ആകെ | മുൻവർഷ കുടിശ്ശിക | തൻവർഷം | ആകെ |
| 1799618 | 3551855 | 5351473 | 864214 | 2797449 | 3661663 | 935404 | 754406 | 1689810 |

വാർഷിക കണക്കുകൾ പ്രകാരം 25.32 ലക്ഷം രൂപ വസ്തു നികുതി കുടിശ്ശികയുള്ളപ്പോൾ സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം 16.89 ലക്ഷം രൂപ മാത്രമെ കാണിച്ചിട്ടുള്ളൂ. യഥാസമയം വരവുകൾ പോസ്റ്റ് ചെയ്യുന്നതിലോ ഡിമാന്റ് കണക്കുകളിലോ ഉള്ള അപാകത മൂലമാണിത്. ആയത് പരിഹരിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 വാണിജ്യ കെട്ടിടത്തിനു ഭാഗിക ക്രമവൽക്കരണം അനുവദിച്ചതിൽ ക്രമക്കേട്

താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിനെ ക്രമവൽക്കരിക്കുകയും നികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.ഈ ബഹുനില വാണിജ്യ കെട്ടിടത്തിനു 09.09.2021 ൽ ഒക്യുപ്പൻസി അനുവദിച്ചതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| വാർഡ് നം/ കെട്ടിട നമ്പർ, വാർഡിന്റെ പേര് | പേര്, വിലാസം | കെട്ടിട വിനിയോഗം | കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ |
|---|---|---|---|
| 2/729-733, പന്നിയാർ | ആരീഫ്, അഫ്സൽ ആരീഫ് റിഷഫ് ആരീഫ്,താഴേത്ത് വീട്.ചിറ്റാർ പി ഒ, | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | താഴത്തെ നില (67.82 ച മീ )<br>താഴത്തെ നില (177.69 ച മീ )<br>താഴത്തെ നില (128.79 ച മീ )<br>താഴത്തെ നില (141.15 ച മീ )<br>താഴത്തെ നില (67 ച മീ )<br>ആകെ - 582.45 |

1) അസിസ്റ്റന്റ് എഞ്ചിനീയർ വിയോജനം രേഖപ്പെടുത്തിയ വാണിജ്യ കെട്ടിടത്തിനു നികുതി നിർണ്ണയിച്ച് നിയമവിധേയമാക്കി .

ചിറ്റാർ ടൗണിൽ IOC പെട്രോൾ പമ്പിനോടു ചേർന്ന് സർവ്വെ നമ്പർ 968/1-3-2, 08.09 ആർ സ്ഥലത്ത് നിർമ്മിച്ച ബഹുനില വാണിജ്യ കെട്ടിടത്തിന്റെ താഴത്തെ നില മാത്രം ക്രമവൽക്കരിക്കുന്നതിനായിരുന്നു. അഫ്സൽ ആരിഫ് എന്നയാൾ 17.03.2021 ൽ ഗ്രാമപഞ്ചായത്തിൽ ആദ്യ അപേക്ഷ നൽകിയിരുന്നത്. അപേക്ഷയോടൊപ്പം ഹാജരാക്കിയ പ്ലാനിൽ താഴത്തെ നിലയിലെ 267.82 M2 ഏരിയ ക്രമവൽക്കരിക്കുന്നതിനായാണ് രേഖപ്പെടുത്തിയിരുന്നത്.സൈറ്റ് പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ താഴെ പറയുന്ന അപാകതകൾ റിപ്പോർട്ട് ചെയ്തിരുന്നു.

1.അപേക്ഷയിൽ ഒരു നില കെട്ടിടത്തിന്റെ ക്രമവത്ക്കരണമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ നിലവിൽ 3 നിലകൾ പണിതിരിക്കുന്നതിനാൽ ആയതിന്റെ വിവരങ്ങൾ കൂടി പ്ലാനിൽ ഉൾപ്പെടുത്തണം.

2.കെട്ടിടത്തിന്റെ ഏരിയ 300 M2 ൽ കൂടുതലായതിനാൽ കെട്ടിടത്തിനു 4(13) പ്രകാരമുള്ള സാക്ഷ്യപത്രം ആവശ്യമാണ്.

3.ചട്ടം 29(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% വരെ മാത്രമെ പാർക്കിംഗ് നൽകാൻ കഴിയുകയുള്ളൂ

4.ആവശ്യമായ മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടില്ല.

5.നിലവിലുള്ള കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിലുള്ള പെട്രോൾ പമ്പിന്റെ അനുമതിയുടെ ലേ ഔട്ട് ഹാജരാക്കിയിട്ടില്ല.

6. നമ്പർ ലഭിച്ചതായി പ്ലാനിൽ രേഖപ്പെടുത്തിയ (കെട്ടിട നമ്പർ 02/636 - 66.53 M2) നിലവിലുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഈ വിവരങ്ങൾ രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും 23.04.2021 ൽ നോട്ടീസ് നൽകിയിരുന്നു. (നം.C2/1405/21).

തുടർന്ന് 26.04.2021 ൽ പുതിയ അപേക്ഷ നൽകുകയും (C2-1878/21) ആയതിന്മേൽ സെക്ഷൻ ക്ലാർക്ക് താഴെ പറയുന്ന നോട്ട് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള കെട്ടിടം 66.53 M2 ആണ് . ക്രമവത്ക്കരിക്കേണ്ടത് 582.45 M2 ഉം പെർമിറ്റ് ആവശ്യമുള്ളത് 1665.82 M2 ഉം ചേർത്ത് ആകെ തറവിസ്തീർണ്ണം 2314.8 M2 ആണ്. 1000 M2 ൽ കൂടുതൽ ഏരിയ ഉള്ളതിനാൽ ഫയർ & റസ്ക്യൂ സർവ്വീസിൽ നിന്നുമുള്ള അനുമതി ആവശ്യമാണ്. തുടർന്ന് ഫയൽ തുടർ പരിശോധനകൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറിയിരുന്നു.താഴെ പറയുന്ന അപാകതകൾ രേഖപ്പെടുത്തിയ റിപ്പോർട്ട് AE നൽകുകയും അപേക്ഷകനു നോട്ടീസ് 30.04.2021 ൽ നൽകുകയും ചെയ്തിരുന്നു.

1. കെട്ടിട നിർമ്മാണ ചട്ടം 58(12) പ്രകാരം ഫയർ NOC ആവശ്യമാണ്.

2. സ്ഥല പരിശോധനയിൽ മൂന്നു നില കെട്ടിട നിർമ്മാണം നടന്നു കഴിഞ്ഞിട്ടുണ്ട്.ആയതിനാൽ Proposed എന്ന രീതിയിൽ പെർമിറ്റ് നൽകാൻ കഴിയുകയില്ല.

3. ചട്ടം 77 പ്രകാരം Roof Top Solar Installation ആവശ്യമാണ്.

4.ചട്ടം 79 പ്രകാരം മാലിന്യ നിർമ്മാർജ്ജന സൗകര്യം ഉൾപ്പെടുത്തണം.

മേൽ അപാകതകൾ നിലനിൽക്കെ, കെട്ടിടത്തിനു എപ്രകാരമാണ് 09.09.2021 ൽ നികുതി നിർണ്ണയിച്ചതെന്നും കെട്ടിടത്തിനു നമ്പർ നൽകിയതെന്നും ഓഡിറ്റിനു വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/13.03.2023) ഉദ്യോഗസ്ഥർ മറുപടി നൽകിയില്ല. മേൽ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്രൂവൽ നൽകിയ മുൻ സെക്രട്ടറി ശ്രീ മുഹമ്മദ് റിസ എ യിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഫീസ് ഉത്തരവു പ്രകാരം 09/2021 ൽ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലർക്കിൽ നിന്നും വിശദീകരണം ചോദിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഈ ഓഡിറ്റ് എൻക്വയറിയിൽ പറയുന്നതിനു വിരുദ്ധമായി കെട്ടിടത്തിനെ ക്രമവത്ക്കരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നേരിട്ട് നടത്തിയ പരിശോധനയിൽ പ്ലാൻ പ്രകാരമുള്ള മൂന്നു നില കെട്ടിടം പൂർത്തീകരിച്ചതായും (2314.8 M2) ബഹുനില കെട്ടിടവും പെട്രോൾ പമ്പും വേർതിരിച്ചറിയാൻ മാർഗ്ഗമില്ല എന്നും കണ്ടു. കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് ലഭ്യമല്ല എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.അനധികൃതമായി നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്മേൽ ഗ്രാമപഞ്ചായത്ത് തുടർ നിയമനടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ ഗുരുതരമായ അപാകതകൾ നിലനിൽക്കെ, ഈ ബഹുനില വാണിജ്യ കെട്ടിടത്തിനു ഭാഗിക ഭാഗത്തിനു (582m2) നികുതി നിർണ്ണയിച്ചു നൽകിയതിനും അവശേഷിക്കുന്ന അനധികൃത നിർമ്മാണത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കാതിരിക്കുന്നതും സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടരന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-14 തൊഴിൽ നികുതി ഈടാക്കിയില്ല

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽനികുതി ഈടാക്കിയ വിവരം രജിസ്റ്ററിലോ,പത്രികയിലോ ചേർത്തിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ചിറ്റാർ ഗ്രാമപഞ്ചായത്ത് | രണ്ടാം അർദ്ധവർഷം |
| ചിറ്റാർ വില്ലേജ് ഓഫീസ് | രണ്ടാം അർദ്ധവർഷം |
| വി.ഇ.ഒ | രണ്ടാം അർദ്ധവർഷം |
| സി.എച്ച്.സി,ചിറ്റാർ | രണ്ടാം അർദ്ധവർഷം |
| റിവൈവ് ഹെൽത്ത്കെയർ ഹോസ്പിറ്റൽ ചിറ്റാർ | രണ്ടാം അർദ്ധവർഷം |
| ഫോറസ്റ്റ് സ്റ്റേഷൻ | ഒന്നാം അർദ്ധവർഷം |
| പോലീസ് സ്റ്റേഷൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| പോസ്റ്റ് ഓഫീസ് വയ്യാറ്റുപുഴ | രണ്ടാം അർദ്ധവർഷം |
| ഗവ.എച്ച്.എസ്.എസ് .ചിറ്റാർ | രണ്ടാം അർദ്ധവർഷം |
| ഹോളി ഫാമിലി പബ്ലിക് സ്കൂൾ | രണ്ടാം അർദ്ധവർഷം |
| ഇ.ഡി.സി.എൽ പവർ പ്രൊജക്ട് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| അയ്യപ്പ ഹൈഡ്രോ പവർ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| കുത്താട്ടുകളം എസ്റ്റേറ്റ് | രണ്ടാം അർദ്ധവർഷം |
| ഫെഡറൽബാങ്ക് ചിറ്റാർ | രണ്ടാം അർദ്ധവർഷം |
| ജില്ലാ സഹകരണബാങ്ക് ചിറ്റാർ | രണ്ടാം അർദ്ധവർഷം |
| മുത്തൂറ്റ് മിനി ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| മുത്തൂറ്റ് മോട്ടോഴ്സ്,ചിറ്റാർ | രണ്ടാം അർദ്ധവർഷം |
| പ്രീമെട്രിക് ഹോസ്റ്റൽ,ചിറ്റാർ | ഒന്നാം അർദ്ധവർഷം |
| സപ്ലൈകോ സൂപ്പർമാർക്കറ്റ് | ഒന്നാം അർദ്ധവർഷം |
| കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ | ഒന്നാം അർദ്ധവർഷം |

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അടിയന്തിരമായി ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം. 33/10.3.23) മറുപടി ലഭ്യമാക്കിയില്ല.തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് അടയ്ക്കുന്നില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടയ്ക്കുന്നില്ല

1. റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.ക്ഷീരസഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 4 ക്ഷീരകർഷക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന്

ലൈസൻസ് എടുത്തിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.25/09.03.2023) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്ഷീരകർഷക സംഘങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

(I) വയ്യാറ്റുപുഴ കെ.യു.സി. എസ്.പി.റ്റി.53(D), ആപ്കോസ്

(Ii) പടയണിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം

(Iii) ചിറ്റാർ ക്ഷീരോല്പാദക സഹകരണ സംഘം. PT 54 (D) ആപ്കോസ് (ജനറൽ)

(Iv) ചിറ്റാർ ക്ഷീരോല്പാദക സഹകരണ സംഘം. PT 54 (D) ആപ്കോസ് (വനിത)

മേൽ ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും ഒടുക്ക വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3. യൂണിവേഴ്സൽ ട്യൂഷൻ സെന്റർ, ചിറ്റാർ

ടി സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് അടിയന്തിരമായി ഈടാക്കി ഒടുക്ക വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 കടമുറി വാടക- അപാകതകൾ

1. വാടക പൂർണ്ണമായി ഈടാക്കിയില്ല

2021-22 വർഷം പഞ്ചായത്ത് വക ഷോപ്പിംങ് കോംപ്ളക്സിലെ കടമുറി വാടക ഇനത്തിൽ 28386രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | മുറി നമ്പർ | വാടകക്കാരുടെ പേര് | പ്രതി മാസ വാടക (ജി.എസ്.ടി ഉൾപ്പെടെ) | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|---|
| 1 | 31 | സനിമോൻ, താമരപ്പറമ്പിൽ | 1416 | 2021 ജൂലൈ മുതൽ 2022 മാർച്ച് വരെ |
| 2 | 32 | സനിമോൻ, താമരപ്പറമ്പിൽ | 1122 | 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ |
| 3 | 28 | പ്രസാദ് പി എസ്, പ്ളാംകൂട്ടത്തിൽ | 1298 | 2022 ജനുവരി മുതൽ 2022 മാർച്ച് വരെ |
| 4 | 29 | ആശ, പ്ലാംകൂട്ടത്തിൽ | 1298 | 2022 ജനുവരി മുതൽ 2022 മാർച്ച് വരെ |

കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക രജിസ്റ്ററിൽ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാടക അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2.കടമുറികൾ വാടകക്ക് നൽകിയില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംങ് കോംപ്ളക്സിലെ താഴെപ്പറയുന്ന കടമുറികൾ 2021-22 വർഷം വാടകക്ക് നൽകിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മുറി നമ്പർ | ഒഴിഞ്ഞു കിടന്ന കാലയളവ് |
|---|---|---|
| 1 | 6 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ |
| 2 | 7 | 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21/ 08.03.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-17 ധനകാര്യ കമ്മീഷൻ ഗ്രാന്റ്; ക്യാരി ഓവർ വിഹിതം 49.87 ലക്ഷം രൂപ ലാപ്സാക്കി

മുൻവർഷം ചെലവഴിക്കാതെ അവശേഷിച്ച 4987515 രൂപ ധനകാര്യ കമ്മീഷൻ വിഹിതം സർക്കാർ റീ അലോട്ട് ചെയ്തിരുന്നു. CFC Tide & Basic ഗ്രാന്റിനത്തിൽ G.O.(Rt.)No.6591/2021/Fin., 07.10.2021 പ്രകാരം യഥാക്രമം ലഭിച്ച 4558880, 428635 തുകയാണ് ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ട് ആയി ലഭ്യമായിരുന്നത്. മുൻവർഷത്തെ സ്പിൽ ഓവർ പദ്ധതികളുടെ പൂർത്തീകരണത്തിനാണ് ഈ തുക നൽകിയിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് ചെലവഴിച്ച പദ്ധതികളുടെ വിശദാംശങ്ങളും ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗിച്ച് 2021-22-ൽ സ്പിൽ ഓവറായ പദ്ധതികളുടെ വിശദാംശങ്ങളും ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/09.03.2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി

മറുപടി നൽകിയിരുന്നില്ല.

PFMS ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെല വും സുലേഖ സോഫ്റ്റ്‌വെയർ ചെലവ് പത്രികയും തമ്മിൽ വ്യത്യാസം.

PFMS ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും സുലേഖ സോഫ്റ്റ്‌വെയർ ചെലവ് പത്രികയും തമ്മിൽ ₹751931 രൂപയുടെ വ്യത്യാസം കണ്ടു. ബാങ്ക് രേഖകൾ പ്രകാരം തൻ വർഷം 2747053 രൂപയുടെ ചെലവ് ധനകാര്യ കമ്മീഷൻ വിഹിതത്തിൽ ഉള്ളപ്പോൾ സുലേഖ സോഫ്റ്റ്‌വെയർ ചെലവ് പത്രികയിൽ ഇത് 3498984 രൂപയാണ്. 7.51 ലക്ഷം രൂപയുടെ വ്യത്യാസം ക്രമീകരിച്ച് ഓഡിറ്റിനു ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

PFMS ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന വരവ് ചെലവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| വരവ് | | ചെലവ് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| പ്രാരംഭ ബാക്കി 01.04.2021 | 0 | 01-04-2021 മുതൽ 28.02.2022 വരെ | 2292889 |
| 25.05.2021 | 1497000 | 29.02.2022 മുതൽ 31.03.2022 വരെ | 454164 |
| 10.09.2021 | 2245500 | | |
| 19.02.2022 | 1497000 | | |
| 22.03.2022 | 2245500 | | |
| പലിശ | 54961 | 31.03.2022 ലെ നീക്കിബാക്കി | 4792908 |
| ആകെ | 7539961 | | 7539961 |

മേൽ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ബാലൻസ് തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകൾ.

ആകെ ഗ്രാന്റ് വരവ് - 7485000

പലിശ - 54961

ആകെ ചെലവ് - 2747053

ബാലൻസ് - 4792908

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് - 3498984

അപാകതകൾ പരിഹരിക്കേണ്ടതും സർക്കാർ റീ അലോട്ട് ചെയ്ത 49.87 ലക്ഷം രൂപ ലാപ്സാക്കിയതിനു ഓഡിറ്റിനു വിശദീകരണം നൽകേണ്ടതുമാണ്.

## 1-18 ശബരിമല ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച; 61.35 ലക്ഷം രൂപ തനത് ഫണ്ടിൽ കെട്ടികിടക്കുന്നു

ശബരിമല തീർത്ഥാടകർക്ക് ഇടത്താവളങ്ങളിൽ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് സർക്കാരിൽ നിന്നും അനുവദിച്ച തുകയിൽ 6135462 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക | ചെലവ് തുക | അവശേഷിക്കുന്ന തുക |
|---|---|---|---|
| 2017-18 | 1500000 | 0 | 1500000 |

| | | | |
|---|---|---|---|
| 2018-19 | 1500000 | 1219714 | 280286 |
| 2019-20 | 1500000 | 379996 | 1120004 |
| 2020-21 | 1730000 | 178236 | 1551764 |
| 2021-22 | 1730000 | 46592 | 1683408 |
| ആകെ | 7960000 | 1824538 | 6135462 |

ശബരിമല ഗ്രാന്റായി ലഭിച്ച ഫണ്ടിൽ 6135462 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/09.03.2023) ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ മറുപടി നൽകിയിരുന്നില്ല. 61.35 ലക്ഷം രൂപ ചെലവഴിക്കാതെ തനതു ഫണ്ടിൽ സൂക്ഷിച്ചു വരുന്നതു സംബന്ധിച്ച് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-19 സംയുക്ത പദ്ധതികൾ നടപ്പാക്കുന്നില്ല; അക്കൗണ്ടിൽ ഒരു കോടിയിൽപ്പരം രൂപ നിഷ്ക്രീയമായി കിടക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പദ്ധതി അക്കൗണ്ടിൽ 11300491 രൂപ ഓഡിറ്റ് തീയതിയിലും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. 2017-18 കാലയളവിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 404200 രൂപയും ഇതിൽ ഉൾപ്പെടുന്നുണ്ട്. സംയുക്ത പദ്ധതിയ്ക്ക് തുക പിൻവലിക്കുന്നത് സംബന്ധിച്ച Go(p) No. 7/17 Fin. തീയതി 23.01.2017 നമ്പർ മാർഗ്ഗരേഖപ്രകാരം സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിക്കുവാൻ സാധിക്കുകയില്ല എന്ന് വരുന്ന പക്ഷം അവശേഷിക്കുന്ന തുക ഫെബ്രുവരി 28 ന മുൻപ് അനുവദിച്ച സ്ഥാപനത്തിലേക്ക് തിരികെ നൽകേണ്ടതും മാർച്ച് 31 ന മുൻപ് ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരികെ ഒടുക്കണമെന്നുമാണ്. ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. സംയുക്ത പദ്ധതി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പദ്ധതി നിർവ്വഹണത്തിനായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.തൻ വർഷത്തെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായ ട്രഷറി അക്കൗണ്ടിൽ ഒരു കോടിയിൽ പരം തുക അവശേഷിക്കുന്നതിനുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/09.03.2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിരുന്നില്ല.

| വരവ് | | ചെലവ് | |
|---|---|---|---|
| ഇനം | തുക | ഇനം | തുക |
| പ്രാരംഭ ബാക്കി 01.04.2021 | 1000000 | 31.10.2021 | 425384 |
| Resumption തുക തിരികെ ലഭിച്ചത് 04.04.2021 | 11122817 | 08.10.2021 | 396942 |
| | | 31.03.2022 ൽ സർക്കാർ Redemption തുക | 10300491 |
| | | 31.03.2022 ലെ നീക്കിബാക്കി | 1000000 |
| ആകെ | 12122817 | | 12122817 |

ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ഒരു കോടിയിൽപ്പരം രൂപ അവശേഷിക്കുന്നതു സംബന്ധിച്ചും തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനും തദ്ദേശ വകുപ്പ് ജില്ലാതല ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-20 പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരന് ജാമ്യ നിക്ഷേപം മടക്കി നൽകി; പൊതുഖജനാവിന് 3.1 ലക്ഷം രൂപ നഷ്ടം

മരാമത്ത് പ്രവൃത്തി കരാറെടുത്തയാൾ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു. കരാർ വ്യവസ്ഥ പ്രകാരം ജാമ്യ നിക്ഷേപം കണ്ടുകെട്ടി കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിച്ചില്ലെന്നു മാത്രമല്ല ജാമ്യ നിക്ഷേപം കരാറുകാരന് മടക്കി നൽകുകയും ചെയ്തു.

മൃഗാശുപത്രി കെട്ടിടത്തിന് പിൻഭാഗത്തായി മാലിന്യസംസ്കരണത്തിന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തനത് ഫണ്ടിൽനിന്നും 5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി 2017-18 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ഉദ്ദേശം 15 മീറ്റർ നീളത്തിലും, 2.90 മീറ്റർ വീതിയിലും ഫോം വർക്ക് ചെയ്ത് ഒരു ഷെഡ് നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പ്രവൃത്തിയുടെ കരാറെടുത്ത ശ്രീ പി.ജെ. നൂറുദ്ദീൻ പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കി 14.03.18-ൽ 315951 രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചു. നികുതികളും,

റിടെൻഷൻ തുകയും കിഴിച്ച് ടിയാന് 278668 രൂപ നൽകി (ആകെ ചെലവ് 284356 രൂ.). പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പണി നടത്തിയിട്ടില്ല. പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനാവശ്യമായ (എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെ) തുടർ നടപടികളൊന്നും നിർവ്വഹണാധികാരിയുടെയോ, പഞ്ചായത്ത് ഭരണ സമിതിയുടെയോ ഭാഗത്തുനിന്നും ഉണ്ടായില്ല. പദ്ധതിക്ക് ചെലവഴിച്ച 2.84 ലക്ഷം രൂപ ഫലത്തിൽ പാഴായി.

കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് പതിനാല് ദിവസങ്ങൾക്കുശേഷം കരാർ റദ്ദാക്കുന്നതും, പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം പൂർത്തിയാക്കേണ്ടതുമാണ്. അങ്ങനെ മറ്റൊരു ഏജൻസി മുഖാന്തിരം പ്രവൃത്തി പൂർത്തിയാക്കുന്നതുമൂലം ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ജാമ്യനിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽനിന്നും വസൂലാക്കുന്നതിന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥ ഇപ്രകാരമായിരിക്കെയാണ് ജാമ്യനിക്ഷേപമായി കെട്ടിവെച്ച 25000 രൂപയുടെ ട്രഷറി സേവിംഗ്സ് സർട്ടിഫിക്കറ്റ് (നം.JJ 311976/799010500308971) കരാറുകാരന് മടക്കി നല്കിയിട്ടുള്ളത്.

തുക മടക്കി നൽകിയ തീയതി സെക്യൂരിറ്റി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെതന്നെ ജാമ്യ നിക്ഷേപം മടക്കി നൽകുന്നതിന് ഓതറൈസ് ചെയ്ത ഉദ്യോഗസ്ഥന്റെ/യുടെ കൈയ്യൊപ്പും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ ക്ലോഷർ എഗ്രിമെന്റ് വെച്ച് പ്രവൃത്തി അവസാനിപ്പിക്കാതെ കരാറുകാരന് ജാമ്യനിക്ഷേപം തിരികെ നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്നും, അതിന് അധികാരപ്പെടുത്തി യതാരാണെന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/13.03.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി പാതി വഴിയിൽ അവസാനിപ്പിച്ചതിനും, കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കാതെ ജാമ്യ നിക്ഷേപം മടക്കി നൽകിയതിനും പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയാണ്. പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചതുമൂലവും, പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ട് കെട്ടേണ്ടിയിരുന്ന ജാമ്യ നിക്ഷേപം ക്രമവിരുദ്ധമായി കരാറുകാരന് മടക്കി നൽകിയതുമൂലവും, പഞ്ചായത്തിനുണ്ടായ നഷ്ടം ₹309356 (284356+25000) ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പാർശ്വഭിത്തി നിർമ്മാണത്തിന് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; ഉയർന്ന നിരക്ക് അനുവദിച്ച ഇനത്തിൽ ഗണ്യമായ നഷ്ടം

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ DR കല്ല് കെട്ടിന് Observed Data യും DSR-2016 പ്രകാരമുള്ള നിലവിൽ കേരളത്തിൽ ഉപയോഗിക്കാത്ത നിരക്കും (75.7.1) എസ്റ്റിമേറ്റുകളിൽ നൽകിയതായി കണ്ടു. Observed Data പ്രകാരമുള്ള എസ്റ്റിമേറ്റിൽ ₹2809.90/m3എന്ന നിരക്ക് നൽകുമ്പോൾ Bond Stone ഉപയോഗിച്ചുള്ളDSR 75.7.1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ നിരക്ക് ₹4043.42/m3 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്ക് വർദ്ധനയ്ക്ക് കാരണം കേരളത്തിൽ ഉപയോഗത്തിൽ ഇല്ലാത്ത Bond Stone ന്റെ നിരക്കും ഇതു സ്ഥാപിക്കുന്നതിനായി നൽകേണ്ടി വരുന്ന ലേബർ ചാർജ്ജുമാണ്. അതിനാൽ 75.7.1 എന്ന DSR നിരക്ക് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. Observed Data നിലവിലിരിക്കെ, ഇത്തരത്തിൽ പ്രായോഗികമല്ലാത്ത നിരക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം സ്ഥാപനത്തിനുണ്ടായ നഷ്ടം ₹343588 രൂപയാണ്. ഈ തുക ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-22 പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച

2021-22 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 1543471 രൂപ അടങ്കലുള്ള 9 പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ഫണ്ട് വിനിയോഗിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 122 | കുടപ്പന മച്ചുമുരപ്പേല് പടി കുഴല്കിണര് നിർമ്മാണം | 172731 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 174 | എബിസി പ്രവര്ത്തനങ്ങൾ | 45311<br>28635 | വികസന ഫണ്ട്<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 3 | 205 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ | 763580 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 4 | 208 | ബഞ്ചമിൻ പാറ അംഗനവാടിക്ക് പൈപ്പ് | 50000 | മെയിന്റനൻസ് |

| | | | | |
|---|---|---|---|---|
| | | ലൈൻ ൻ കണക്ഷൻ | | ഗ്രാന്റ് |
| 5 | 209 | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് | 215000 | എസ്.സി.പി. |
| 6 | 225 | കലാനിലയം പമ്പ് ഹൌസ് റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 100000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 7 | 227 | കൊല്ലംപടി - കുമരംകുന്ന് മുകൾഭാഗം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 50000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 8 | 228 | വാവോലികണ്ടത്തിൽ പടി തങ്കത്താപടി റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22856 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 9 | 229 | മൂന്നാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ | 57452 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ഫണ്ട് വിനിയോഗിക്കാതിരുന്നത് വീഴ്ചയാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരിക്കുന്നത്, ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കാൻ കഴിയാതെ പദ്ധതികൾക്ക് വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിന് ഇടയാക്കുന്നു. വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനം– ആധികാരിക രേഖകളുടെ അഭാവത്തിൽ ആബുലൻസ് വാടക നൽകി

2021-22- ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.105/22 പ്രകാരം കോവിഡി പ്രതിരോധ പ്രവർത്തനങ്ങൾക്ക് പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 600000രൂപയും, തനത് ഫണ്ടിൽനിന്നും 400000രൂപയും ഉൾപ്പടെ ആകെ 1000000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി വികസന ഫണ്ടിൽനിന്നും 599471രൂപയും, തനത് ഫണ്ടിൽനിന്നും 110230രൂപയും ഉൾപ്പടെ ആകെ 709701 രൂപ ചെലവഴിച്ചു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗികളെ കൊണ്ടുപോകുന്നതിന് KL-03-Q-4469 നമ്പർ ആംബുലൻസ് വാടകയ്ക്ക് എടുത്തിരുന്നു. ദിവസ വാടക 900രൂപയും, റണ്ണിംഗ് ചാർജ്ജായി കിലോമീറ്ററിന് 20 നിരക്കുമാണ് അനുവദിച്ചിട്ടുള്ളത്. ആംബുലൻസ് വാടക ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം 324866 രൂപ ശ്രീ വർഗ്ഗീസ് കെ.ജെ. എന്നയാൾക്ക് നൽകിയിട്ടുണ്ട്.

| കാലയളവ് | ഓടിയ ദൂരം | വാടക | കി.മീ. ചാർജ്ജ് | തുക |
|---|---|---|---|---|
| 13.05.2021 – 31.05.2021 | 2511 | 17100 | 50220 | 67320 |
| 01.06.2021 - 30.06.2021 | 3129 | 27000 | 62580 | 89880 |
| 01.07.21 – 31.07.2021 | 825 | 27900 | 16500 | 44400 |
| 01.08.2021 - 31.08.2021 | 1470 | 27900 | 29400 | 57300 |
| 01.09.2021 - 30.09.2021 | 2119 | 27000 | 42380 | 65966 |
| ആകെ | | | | 324866 |

ക്വട്ടേഷൻ ക്ഷണിച്ചാണ് ആബുലൻസ് വാടകയ്ക്ക് എടുത്തിട്ടുള്ളതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ നോട്ടീസ്, ലഭിച്ച ക്വട്ടേഷനുകൾ മുതലായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 01.09.2021 മുതൽ 30.09.2021 വരെ കാലയളവിൽ ആബുലൻസ് ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് വൗച്ചറിനൊടൊപ്പം ലഭ്യമാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റുകളുടെ ആധികാരികത ഉത്തരവാദപ്പെട്ടവർ ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആബുലൻസ് ഉപയോഗിച്ച രോഗികളുടെ വിവരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന നോഡൽ ഓഫീസർ, ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ, സി.എച്ച്.സി. മെഡിക്കൽ ഓഫീസർ മുതലായവർ ആബുലൻസിന്റെ ഉപയോഗം നിരീക്ഷിച്ചിട്ടുള്ളതായോ, ആബുലൻസ് ഡ്രൈവർ സമർപ്പിച്ചിട്ടുള്ള ക്ലെയിം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായോ കണ്ടില്ല. ആബുലൻസിന്റെ ഉപയോഗവും, ഓടിയ ദൂരവും സംബന്ധിച്ച് ഉത്തരവാദപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെ ഡ്രൈവർ ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റുകൾ ആധാരമാക്കി മാത്രമാണ് 3.25 ലക്ഷം രൂപ വാടക നൽകിയിട്ടുള്ളത്. വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് വാങ്ങിയ ശേഷം ബിൽ തുക നൽകാവുന്നതാണെന്നാണ് സെക്ഷൻ ക്ലാർക്ക് ഫയൽ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ഒന്നാം ഡോസ് വാക്സിനേഷൻ ഏകദേശം പൂർത്തീകരിച്ചതിനാലും രോഗ വ്യാപനം കുറഞ്ഞതിനാലും ആംബുലൻസിൻറെ സേവനം വളരെ കുറഞ്ഞ ദിവസങ്ങളിൽ മാത്രമേ വേണ്ടിവരുന്നുള്ളൂ എന്നും ഓടാതെ കിടക്കുന്ന ദിവസങ്ങളിൽ ദിവസ വാടക

കൊടുക്കുന്നതുമൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട് (22/09/2021-ലെ കമ്മിറ്റി മിനിട്സ്). ഈ സാഹചര്യത്തിൽ ആബുലൻസ് ഉപയോഗം സംബന്ധിച്ച് കൃത്യമായ മേൽനോട്ടമോ, സാക്ഷ്യപ്പെടുത്തലോ ഇല്ലാതെ വാടക നൽകിയത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/07.03.21) ഉത്തരവാദപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹324866 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമല്ല

(1) തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - ഒരു വാർഡിന് മാത്രമായി പദ്ധതി നടപ്പിലാക്കി

ഓഡിറ്റ് വർഷം പഞ്ചായത്തിലെ 12-ാം വാർഡിലെ തെരുവ് വിളക്കുകൾ മാത്രം അറ്റകുറ്റപ്പണി നടത്തുന്നതിനാണ് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 30308 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് 30078 രൂപ ചെലവഴിച്ചു. 82 പോസ്റ്റുകളിലെ LED ബൾബുകൾ മെയിന്റനൻസ് നടത്തിയതിന് പണികൂലിയായി 8200 രൂപയും, അതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് 21878 രൂപയും ചെലവായി.

13 വാർഡുകളുള്ള പഞ്ചായത്തിലെ മറ്റ് വാർഡുകളെ ഒഴിവാക്കി ഒരു വാർഡിനു മാത്രമായി പദ്ധതി നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി നടപ്പിലാക്കാതെ ഒരു വാർഡിനുവേണ്ടി മാത്രമായി പദ്ധതി ആവിഷ്കരിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് സംബന്ധിച്ചും, മറ്റ് വാർഡുകളിലെ വിളക്കുകളുടെ പരിപാലനം എപ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളതെന്നും വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/07.03.2023) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. പഞ്ചായത്ത് വൻതുക മുടക്കി LED യൂണിറ്റുകളും, മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതല്ലാതെ അവയുടെ പരിപാലനം കൃത്യമായി നിർവ്വഹിക്കുന്നില്ലെന്നാണ് ഓഡിറ്റിൽ വ്യക്തമായിട്ടുള്ളത്. തെരുവ് വിളക്കുകൾ നിരന്തര പരിപാലനം ആവശ്യമായ ഒന്നാണ്. കേടായ ലൈറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ഫ്യൂസായ ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിനും പഞ്ചായത്തിൽ ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനത്തിന് വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. അതുപോലെതന്നെ ഗ്രാമഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ റിസർവായി കരുതേണ്ടതുമാണ്. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം ഇപ്പകാരമുള്ള രജിസ്റ്ററുകൾ റീക്കൺസൈൽ ചെയ്യുന്നുവെന്നും, തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച് സ.ഉ.(സാധാ.)നം.2134/2015/തസ്വഭവ, തീയതി 15.07.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തണ്ടതുമാണ്. എന്നാൽ ഈ വക കാര്യങ്ങൾ ഒന്നും പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃക അവലംബിക്കാവുന്നതാണ് (അടാട്ട് മോഡൽ അവലംബിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കുള്ള മാർഗ്ഗരേഖ 17.08.2015-ലെ ജ2-44274നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളത് കാണുക).

(2) പഞ്ചായത്ത് സ്ഥാപിച്ച മിനി മാസ്റ്റ് ലൈറ്റുകൾ ഭൂരിഭാഗവും പ്രകാശിക്കുന്നില്ല

പഞ്ചായത്ത് മുൻ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വൻതുക മുടക്കി സ്ഥാപിച്ച മിനി മാസ്റ്റ് ലൈറ്റുകളിൽ മിക്കവയും പ്രവർത്തനരഹിതമാണെന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. എന്നാൽ പ്രവർത്തന രഹിതമായവ ഉൾപ്പടെയുള്ള എല്ലാ ലൈറ്റുകൾക്കും പഞ്ചായത്ത് മുടങ്ങാതെ വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നതായാണ് മനസ്സിലാകുന്നത്. ഇത് പ്രയോജന രഹിതമായി പൊതു പണം ചെലവഴിക്കുന്നതിന് ഇടയാക്കുന്നു.

2018-2021 കാലയളവിൽ 37.37ലക്ഷം രൂപ വകയിരുത്തി നാല്പത്തെട്ടിൽപ്പരം മിനി മാസ്റ്റ് ലൈറ്റുകളാണ് പട്ടിജാതി/പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ഉൾപ്പടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | എണ്ണം | ചെലവ് | ഫണ്ടിനം |
|---|---|---|---|---|---|
| 2018-19 | 125/19 | വില്ലന്നിപ്പാറ എസ്.സി. സങ്കേതത്തിൽ മിനിമാസ്റ്റ് | 2 | 187000 | പട്ടികജാതി |
| 2018-19 | 248/19 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5 | 387000 | പൊതു വിഭാഗം |
| 2018-19 | 269/19 | തേരകത്തുംമണ്ണ് ഭുവനേശ്വരി ക്ഷേത്രം പടിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1 | 77400 | പൊതു വിഭാഗം |
| 2019-20 | 84/20 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കല് (ജനറൽ) | 3 | 204000 | പൊതു |

| | | | | | |
|---|---|---|---|---|---|
| | | | | | വിഭാഗം |
| 2019-20 | 222/20 | ചിറ്റാർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കും മിനിമാസ്റ്റ് ലൈറ്റ് | 15 | 1092000 | പൊതു വിഭാഗം |
| 2020-21 | 243/21 | തേരകത്തുമണ്ണ് പുളിമൂട്ടിൽ കവല മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1 | 71000 | പൊതു വിഭാഗം |
| 2020-21 | 244/21 | മീൻകുഴി കൈലാസം പടിയിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1 | 84000 | പൊതു വിഭാഗം |
| 2020-21 | 163/21 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 4 | 336000 | പൊതു വിഭാഗം |
| 2020-21 | 23/21 | വിവിധ വാർഡുകളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 8 | 672000 | പൊതു വിഭാഗം |
| 2020-21 | 227/21 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (വേളിമല, പാമ്പിനി, നീലിപിലാവ്) - ടി.എസ്.പി. | 3 | 229465 | പട്ടിക വർഗ്ഗം |
| 2020-21 | 226/21 | മിനിമാസ്റ്റ് സ്ഥാപിക്കൽ (മൂക്കൻപാറ, കോതയാട്ടുപാറ, കൊച്ചുകുളങ്ങരവാലി, നവോദയാ കോളനി, പത്തരയേക്കർ കോളനി, പടയണിപ്പാറ കോളനി) - എസ്.സി.പി. | 5 | 397119 | പട്ടികജാതി |
| | | ആകെ | 48 | 3736984 | |

ടി ലൈറ്റുകൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, ഇവയ്ക്ക് വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ളതിന്റെ കൺസ്യൂമർ നമ്പർ, വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് സംബന്ധിച്ച വിവരം മുതലായവ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/13.03.2023) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈറ്റുകളിൽ എത്രയെണ്ണം നിലവിൽ പ്രകാശിക്കുന്നുണ്ടെന്നും, പ്രവർത്തന രഹിതമായവ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിനും മറുപടി ലഭിച്ചിട്ടില്ല.

പൊതു പണം ചെലവഴിച്ച് സ്ഥാപിച്ച ഒരു ആസ്തി ഉപയോഗപ്പെടുത്തി സംരക്ഷിക്കാതിരിക്കുന്നത് ആസ്തി ആർജ്ജിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മിനി മാസ്റ്റ് ലൈറ്റുകൾ എല്ലാം അറ്റകുറ്റപ്പണി നടത്തി പ്രകാശിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 തുക ഡെപ്പോസിറ്റ് ചെയ്തത് വാട്ടർ അതോറിറ്റിയെ അറിയിച്ചില്ല; എഗ്രിമെന്റ് വെച്ചില്ല

2021-22 സാമ്പത്തിക വർഷം ജലജീവൻ മിഷന്റെ ഭാഗമായി 425 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനായി 15 ശതമാനം പഞ്ചായത്ത് വിഹിതം ഇനത്തിൽ 834707രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് (ട്രഷറി ബിൽ നം.516821/13.10.2021). വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ഓൺലൈനായിട്ടാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളതിന്റെ വിവരം UTR നമ്പർ സഹിതം വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടില്ല. ഓൺലൈനായി തുക ട്രാൻസ്ഫർ ചെയ്യുമ്പോൾ തുക ഒടുക്കിയതിന്റെ വിവരം UTR നമ്പർ സഹിതം ബന്ധപ്പെട്ട ഏജൻസിയെ അറിയിക്കേണ്ടത് അനിവാര്യമാണ്. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി തുക ട്രാൻസ്ഫർ ചെയ്യുന്ന സാഹചര്യത്തിൽ പഞ്ചായത്ത് നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിവരം രേഖാമൂലം അറിയിച്ചെങ്കിൽ മാത്രമേ നിക്ഷേപ തുക പഞ്ചായത്തിന്റെ പേരിൽ വാട്ടർ അതോറിറ്റിയ്ക്ക് അക്കൗണ്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. തുക ഒടുക്കുന്നതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന എസ്റ്റിമേറ്റിനോടൊപ്പമുള്ള കത്തിൽ തുക ഒടുക്കിയ വിവരം അറിയിക്കണമെന്ന് സൂചിപ്പിച്ചിട്ടുള്ളതാണ്. പല തദ്ദേശഭരണ സ്ഥാപനങ്ങളും വാട്ടർ അതോറിറ്റിയുടെ ഈ നിർദ്ദേശം കൃത്യമായി പാലിക്കാറില്ല. ഇക്കാരണത്താൽ വൻതുകയാണ് തിരിച്ചറിയാനാകാതെ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ കെട്ടി കിടക്കുന്നത്.

ഡെപ്പോസിറ്റ് തുകകളുടെ കൈപ്പറ്റ് രസീതി വാട്ടർ അതോറിറ്റിയിൽനിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂറായി നൽകാൻ പാടുള്ളൂ. എന്നാൽ മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമയ്ക്കാതെയാണ് ടി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. കൂടാതെ ഗാർഹിക കണക്ഷന്റെ ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ളതായും കണ്ടില്ല.

ടി അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ പരിഹാര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-26 പൊതു ടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു

ഓഡിറ്റ് വർഷം 205 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 94180 രൂപയായിരുന്നു ജല അതോറിറ്റിയിൽ ഒടുക്കിയിരുന്നത്. തനത് വരുമാനത്തിന്റെ ഗണ്യമായ ഒരു വിഹിതം വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത്

ചെലവഴിക്കുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ജലഅതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള ടാപ്പിന്റെ വാർഷിക നിരക്ക് 5250 രൂപ എന്നത് നിലവിൽ 14559.12 രൂപയായി വാട്ടർ അതോറിറ്റി ഉയർത്തിയിരിക്കുകയാണ്. തൽഫലമായി വെള്ളക്കരം ഇനത്തിലുള്ള പഞ്ചായത്തിന്റെ ബാധ്യത മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഒരു പ്രധാന ആവർത്തന ചെലവ് എന്ന നിലയിൽ വെള്ളക്കരം ഇനത്തിൽ ഒടുക്കുന്ന തുക ന്യായയുക്തമാണെന്ന് ഉറപ്പുവരുത്തേണ്ട ചുമതല പഞ്ചായത്തിനുണ്ട്. സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനും, കുടിവെള്ളം ലഭ്യമായ ടാപ്പുകൾക്ക് മാത്രം കരം ഒടുക്കുന്നുവെന്നും ഉറപ്പാക്കുന്നതിനും പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

അർഹമായ കുടുംബങ്ങൾക്കെല്ലാം ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി പൊതു ടാപ്പുകൾ പൂർണ്ണമായും നിർത്തലാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് ഗൗരവമായി പരിഗണിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വെള്ളക്കരം പഞ്ചായത്ത് ഫണ്ടിന് വലിയൊരു ബാധ്യതയായി ഭവിക്കുമെന്ന കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. - അപാതകൾ

ഗ്രാമപഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെ എ.എം.സി. നൽകുന്നതിന് 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും പ്രോജക്ട് നം.99/22 പ്രകാരം 119298 രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം.3952384/26.03.22) കെൽട്രോണിനാണ് കരാർ നൽകിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു,

കെൽട്രോണിന്റെ 17.03.22-ലെ ITBG/IIS/RN/0931 നമ്പർ ഓഫർ ലെറ്റർ പ്രകാരം വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിവരം, എണ്ണം, നിരക്ക് എന്നിവ സൂചിപ്പിച്ചിരിക്കുന്നു. ഇത് കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ഹാർഡ്‌വെയർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. നിലവിലുള്ള ഏതെല്ലാ ഉപകരണങ്ങളാണ് കരാറിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ഹാർഡ് വെയർ രജിസ്റ്ററിൽനിന്നോ, പ്രോജക്ട് ഫയലിൽനിന്നോ മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല.

ഹാർഡ്‌വെയർ രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമാക്കി സൂക്ഷിച്ചിട്ടില്ലെന്ന് വ്യക്തമായി. സർക്കാർ സ്ഥാപനങ്ങളിലെ ഉപയോഗത്തിന് വാങ്ങുന്ന കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് 5 വർഷ വാറന്റി നിർബന്ധമാണ്. ഹാർഡ്‌വെയർ രജിസ്റ്ററിൽ ഉപകരണങ്ങൾ വാങ്ങിയ തീയതി ഇനിഷ്യൽ വാറന്റി കാലയളവ് എന്നിവ കൃത്യമായ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ വാറന്റി ഉള്ള ഉപകരണങ്ങളെ ഒഴിവാക്കിയാണോ എ.എം.സി. കരാർ നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി. സംബന്ധിച്ച വിവരം, എ.എം.സി-യുടെ ഭാഗമായുള്ള മെയിന്റനൻസ് പ്രവൃത്തികളുടെയും വിവരം (Maintenance History Of Hardware) എന്നിവ ഹാർഡ് വെയർ രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തുന്നില്ല. ഹാർഡ് വെയർ രജിസ്റ്റർ കൃത്യമാക്കി അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 പരേതർക്ക് ക്ഷേമ പെൻഷൻ വിതരണം ചെയ്തു - സർക്കാർ ഖജനാവിന് 12 ലക്ഷം രൂപയുടെ നഷ്ടം

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും ഈ കാലയളവിൽ മരണപ്പെട്ടുപോയ 42 പേരുടെ അക്കൗണ്ടുകളിലേക്ക് തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടിട്ടുള്ളതായി വ്യക്തമായി. ഇപ്രകാരം ക്രഡിറ്റ് ചെയ്ത തുക മരണപ്പെട്ട പെൻഷണർമാരുടെ ബന്ധുകൾ അക്കൗണ്ടിൽനിന്നും പിൻവലിച്ചിരിക്കാനാണ് സാധ്യത. ഈ ഇനത്തിൽ 1204800 രൂപ പൊതു ഖജനാവിന് നഷ്ടമായതായാണ് ഓഡിറ്റ് കണക്കാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ ഐ.ഡി. | ഗുണഭോക്താവിന്റേ പേര്, വിലാസം | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം., തീ. | മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 104020201794 | അച്ചുതൻ<br>പുത്തൻപീടികയിൽ, ചിറ്റാർ P. O, 689663 | വാർദ്ധക്യകാല പെൻഷൻ | 28/07/2021 | 137/2021<br>09/11/2021 | 27200 |
| 2 | 104020200802 | ഐഷാബീവി<br>തെക്കേപ്പറമ്പിൽ , ചിറ്റാർ P. O., 689663 | വാർദ്ധക്യകാല പെൻഷൻ | 12/02/2021 | 33/2021<br>16/03/2021 | 35100 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 104020200839 | അംബുജാക്ഷി<br>മണ്ണിൽ വീട്, കളങ്ങരവാലി വയ്യാറ്റുപുഴ P.O., 689663 | വാർദ്ധക്യകാല പെൻഷൻ | 31/05/2022 | 67/2022<br>24/06/2022 | 1600 |
| 4 | 104020201222 | അന്നമ്മ, ഓലിക്കല്, കാരികയം - 689663 | വാർദ്ധക്യകാല പെൻഷൻ | 03/02/2022 | 25/2022<br>21/02/2022 | 8000 |
| 5 | 104020400235 | ഭാസ്കരൻ<br>നരിപ്പാറ, വയ്യാറ്റുപുഴ,<br>മീൻകുഴി | ഡിസബിലിറ്റി പെൻഷൻ | 17/08/2020 | 60/2020<br>23/09/2020 | 27100 |
| 6 | 104020200744 | ഭവാനി, വിളയിൽ , കൊട്ടുമുടി, കാരികയം | വാർദ്ധക്യകാല പെൻഷൻ | 05/03/2020 | 16/2020<br>28/04/2020 | 57600 |
| 7 | 104020200594 | ചാക്കോ കുര്യൻവാഴയിൽ, ആനപ്പാറ, വയ്യാറ്റുപുഴ | വാർദ്ധക്യകാല പെൻഷൻ | 05/12/2019 | 4/2020<br>16/01/2020 | 55000 |
| 8 | 104020200434 | ചെല്ലപ്പൻ തെക്കേച്ചരുവിൽ, ആനപ്പാറ, വയ്യാറ്റുപുഴ | വാർദ്ധക്യകാല പെൻഷൻ | 03/06/2020 | 41/2020<br>19/06/2020 | 48900 |
| 9 | 104020600769 | ചിന്നമ്മ<br>കാലായിൽ, ചിറ്റാർ പി.ഒ. | വിധവ പെൻഷൻ | 20/09/2020 | 69/2020<br>15/10/2020 | 43700 |
| 10 | 104020200435 | ജോണി<br>മരുതിമൂട്ടിൽ,ചിറ്റാർ, വയ്യാറ്റുപുഴ P. O | വാർദ്ധക്യകാല പെൻഷൻ | 18/09/2021 | 114/2021<br>24/09/2021 | 25600 |
| 11 | 104020200964 | ജോയി<br>തോപ്പിൽകിഴക്കേതിൽ, നീലിപിലാവ് | വാർദ്ധക്യകാല പെൻഷൻ | 25/06/2020 | 46/2020<br>15/07/2020 | 50100 |
| 12 | 104020200668 | കല്യാണി<br>പാലവിളയിൽ, വാലേൽപ്പടി , ചിറ്റാർ-തെക്കേക്കര, ചിറ്റാർ P. O | വാർദ്ധക്യകാല പെൻഷൻ | 25/12/2020 | 10/2021<br>08/01/2021 | 38100 |
| 13 | 104020100086 | കല്ലാണി<br>കോയിക്കലേത്ത്, ചിറ്റാർ, നീലിപിലാവ് P. O | കർഷക തൊഴിലാളി പെൻഷൻ | 21/07/2021 | 101/2021<br>16/08/2021 | 28800 |
| 14 | 104020201581 | കൃഷ്ണന്കുട്ടി<br>തോപ്പില്, അഞ്ചേക്കര്, കാരിക്കയം P. O, | വാർദ്ധക്യകാല പെൻഷൻ | 26/02/2021 | 36/2021<br>16/03/2021 | Account Closed |
| 15 | 104020200292 | കുഞ്ഞമ്മ<br>മുത്തോലിൽ, കൊട്ടുമുടി, കാരിക്കയം-689663 | വാർദ്ധക്യകാല പെൻഷൻ | 18/09/2020 | 63/2020<br>09/10/2020 | Account Closed |
| 16 | 104020600028 | കുഞ്ഞമ്മ ജോസഫ്<br>വളവിനാൽ വീട്, ചിറ്റാർ, | വിധവ പെൻഷൻ | 18/06/2020 | 44/2020<br>02/07/2020 | 48900 |
| 17 | 104020201072 | മനോഹരൻ പിള്ള<br>മുക്കാട്ട്, ചിറ്റാർ പി.ഒ. | വാർദ്ധക്യകാല പെൻഷൻ | 10/10/2020 | 88/2020<br>21/12/2020 | 11900 |
| 18 | 104020201849 | മത്തായി<br>പുത്തൻപുരക്കൽ, പാമ്പിനി | വാർദ്ധക്യകാല പെൻഷൻ | 17/11/2021 | 142/2021<br>18/12/2021 | 22400 |
| 19 | 104020202018 | മാത്യുകുട്ടി<br>ചെറിയത്ത്, മൺപിലാവ്, നീലിപ്ലാവ് P. O, | വാർദ്ധക്യകാല പെൻഷൻ | 19/10/2021 | 134/2021<br>09/11/2021 | 24000 |
| 20 | 104020201096 | മോഹനൻ<br>തൈപറമ്പിൽ, കാരികയം പി ഒ., കാരിക്കയം | വാർദ്ധക്യകാല പെൻഷൻ | 16/10/2021 | 130/2021<br>29/10/2021 | 24000 |
| 21 | 104020400264 | മോൻ പി വര്ഗ്ഗീസ്<br>പുളിയിലേത്ത്, തേറകത്തുമണ്, വയ്യാറ്റുപുഴ P. O, | ഡിസബിലിറ്റി പെൻഷൻ | 29/03/2020 | 17/2020<br>28/04/2020 | 17900 |
| 22 | 104020600063 | നബീസാ<br>വാലുപറമ്പിൽ, ചിറ്റാർ P. O, | വിധവാ പെൻഷൻ | 16/11/2020 | 24/2021<br>03/02/2021 | 5700 |
| 23 | 104020200403 | നാരായണി<br>വിഴലിൽ ,തെക്കേക്കര , ചിറ്റാർ | വാർദ്ധക്യകാല പെൻഷൻ | 13/11/2017 | 128/2021<br>27/10/2021 | 34500 |
| 24 | 104020200182 | പങ്കജാക്ഷി<br>പുന്നമൂട്ടില്, പുലയന്പാറ,വയ്യാറ്റുപുഴ P. O | വാർദ്ധക്യകാല പെൻഷൻ | 04/10/2021 | 125/2021<br>21/10/2021 | 27000 |
| 25 | 104020200359 | പാപ്പി<br>മണ്ണാത്തിക്കുഴിയിൽ ,മൺപിലാവ് , | വാർദ്ധക്യകാല പെൻഷൻ | 28/05/2020 | 36/2020<br>11/06/2020 | 5200 |

| | | | | | | |
|---|---|---|---|---|---|---|
| | | നീലിപിലാവ് | | | | |
| 26 | 104020201650 | പാർത്ഥസാരഥി<br>പാലംതറ, വയ്യാറ്റുപുഴ P. O, 689663 | വാർദ്ധക്യകാല പെൻഷൻ | 27/05/2021 | 69/2021<br>15/06/2021 | 25600 |
| 27 | 104020200214 | പെണ്ണമ്മ<br>അടവിക്കല്, മണക്കയം, ചിറ്റാർ P. O | വാർദ്ധക്യകാല പെൻഷൻ | 25/01/2021 | 20/2021<br>03/02/2021 | 39600 |
| 28 | 104020200064 | പൊടിയമ്മ<br>കണ്ണാറയില്, പന്നിയാര്കോളനി, ചിറ്റാർ P. O | വാർദ്ധക്യകാല പെൻഷൻ | 09/04/2021 | 49/2021<br>26/04/2021 | 4800 |
| 29 | 104020201225 | രാജൻ<br>കാവുങ്കൽ, ചിറ്റാർ, വയ്യാറ്റുപുഴ P. O | വാർദ്ധക്യകാല പെൻഷൻ | 08/01/2022 | 11/2022<br>19/01/2022 | 19200 |
| 30 | 104020201020 | രാജന് കോശി<br>പുത്തന് വീട്ടില്, ചിറ്റാർ P. O, | വാർദ്ധക്യകാല പെൻഷൻ | 05/10/2020 | 71/2020<br>16/10/2020 | Account Closed |
| 31 | 104020201217 | സദാനന്ദൻ നായർ<br>മേലേടത്ത്, ചിറ്റാർ P. O, 689663 | വാർദ്ധക്യകാല പെൻഷൻ | 02/12/2020 | 87/2020<br>17/12/2020 | 55000 |
| 32 | 104020201548 | സി വി ശാമുവേല്<br>ചൂരത്തലക്കല്, വയ്യാറ്റുപുഴ P. O, | വാർദ്ധക്യകാല പെൻഷൻ | 22/03/2021 | 42/2021<br>13/04/2021 | 27200 |
| 33 | 104020200250 | വിപി ശമുവേൽ<br>വലിയപാറയ്ക്കൽ ,ട്രാൻസ്ഫോര് ചിറ്റാർ P. O | വാർദ്ധക്യകാല പെൻഷൻ | 18/07/2022 | 79/2022<br>29/07/2022 | 9600 |
| 34 | 104020600644 | സുമതി<br>വള്ളിപറമ്പിൽ ,മണക്കയം , ചിറ്റാർ | വിധവ പെൻഷൻ | 06/11/2020 | 80/2020<br>23/11/2020 | 48900 |
| 35 | 104020200965 | തങ്ക<br>കിഴക്കുംമുറിയിൽ, ചിറ്റാർ, പാമ്പിനി, | വാർദ്ധക്യകാല പെൻഷൻ | 16/09/2020 | 66/2020<br>13/10/2020 | 43700 |
| 36 | 104020201244 | തങ്കമ്മ<br>വടക്കേപറമ്പിൽ, മീൻകുഴി, വയ്യാറ്റുപുഴ P. O | വാർദ്ധക്യകാല പെൻഷൻ | 23/12/2020 | 7/2021<br>08/01/2021 | 39500 |
| 37 | 104020600492 | തങ്കമ്മ<br>ശശിവിലാസം, കട്ടച്ചിറ, നീലിപിലാവ് | വിധവാ പെൻഷൻ | 10/11/2021 | 141/2021<br>25/11/2021 | 22400 |
| 38 | 104020201177 | തങ്കപ്പൻ<br>മഞ്ജുവിലാസം, പാമ്പിനി, ചിറ്റാർ, പാമ്പിനി P. O | വാർദ്ധക്യകാല പെൻഷൻ | 18/05/2021 | 67/2021<br>14/06/2021 | 32000 |
| 39 | 104020200836 | തങ്കപ്പനാചാരി<br>പുതുപറമ്പിൽ, ലക്ഷംവീട് കോളനി , വയ്യാറ്റുപുഴ | വാർദ്ധക്യകാല പെൻഷൻ | 18/07/2020 | 59/2020<br>22/09/2020 | 4500 |
| 40 | 104020201381 | വത്സമ്മ രാജു<br>കല്ലുവിളയിൽ, ആറാട്ടുകുടുക്ക, നീലിപ്ലാവ് P. O | വാർദ്ധക്യകാല പെൻഷൻ | 22/03/2020 | 23/2020<br>18/05/2020 | Account Closed |
| 41 | 104020200126 | തങ്കരാഘവന്<br>കുമരംകുന്ന്ചരിവുകാലായില്,മണക്കയം , ചിറ്റാർ-689663 | വാർദ്ധക്യകാല പെൻഷൻ | 13-02-2020 | 102/2020<br>26/02/2020<br>(PTA MC) | 22200 |
| 42 | 104020200307 | രാമൻകുട്ടി കെ വി. കൊല്ലപ്പറമ്പിൽ , തെക്കേക്കര , ചിററാർ | വാർദ്ധക്യകാല പെൻഷൻ | 04-10-2020 | 464/2020<br>03/12/2020<br>(PTA MC) | 42300 |
| 43 | 104020600169 | റഹ്മത്ത് ബീവി<br>ചാവടിയിൽ, മണക്കയം , ചിറ്റാർ-689663 | വിധവാ പെൻഷൻ | 31-12-2020 | 17/2021<br>13/01/2021<br>(PTA MC) | 3000 |
| 44 | 104020200408 | രാമചന്ദ്രന്<br>10/383 , പുത്തൻപുരയ്ക്കല്, കട്ടച്ചിറ , നീലിപിലാവ് | വാർദ്ധക്യകാല പെൻഷൻ | 25-01-2021 | 53/2021<br>30/01/2021<br>(PTA MC) | 38100 |
| 45 | 104020201337 | വിജയമ്മ കൃഷ്ണന് നായര്<br>വിജയവിലാസം, വയ്യാറ്റുപുഴ-689663 | വാർദ്ധക്യകാല പെൻഷൻ | 25-01-2021 | 54/2021<br>30/01/2021<br>(PTA MC) | 36600 |
| 46 | 104020200171 | ഭവാനി കുഴികണ്ടത്തില്, പാമ്പിനി-689663 | വാർദ്ധക്യകാല പെൻഷൻ | 14-03-2021 | 151/2021<br>18/03/2021<br>(PTA MC) | 22300 |
| | ആകെ | | | | | 1204800 |

PTA MC = പത്തനംതിട്ട മുനിസിപ്പാലിറ്റി

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ 67/2020/ധന. നമ്പർ ഉത്തരവ്).

മരണപ്പെട്ടവരെ സേവന പെൻഷൻ ഡാറ്റാബേസിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനായി ധനവകുപ്പ് നൽകിയിരുന്ന നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തതിനാലാണ് മേൽപറഞ്ഞ പ്രകാരമുള്ള സാമ്പത്തിക നഷ്ടം സർക്കാർ ഖജനാവിനുണ്ടായിട്ടുള്ളത്.

ടി ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിനും, ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും തിരികെ പിടിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 മരണമടഞ്ഞവരെയും അനർഹരേയും ക്ഷേമ പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2019 വർഷം ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ മസ്റ്ററിംഗ് നടന്നതിനുശേഷം മരിച്ചവരുടെ പേരുകൾ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും നീക്കിയിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. സഹകരണ ബാങ്ക് മുഖേന നേരിട്ട് (Direct To Home) പെൻഷൻ കൈപ്പറ്റിവന്ന 29 ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനാൽ പെൻഷൻ തുക ബാങ്ക് തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ മരണപ്പെട്ടവരുടെ വിവരം സഹകരണബാങ്ക് പഞ്ചായത്തിനെ യഥാസമയം അറിയിക്കുന്നില്ല. സഹകരണ ബാങ്കുകൾ മുഖേന നേരിട്ട് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ വിതരണം ചുമതലയുള്ള ബാങ്ക് വിവരം പഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും, പഞ്ചായത്ത് മരണപ്പെട്ടവരെ സേവന പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. അതുപോലെതന്നെ വിതരണം ചെയ്യാത്ത തുകകൾ സഹകരണ ബാങ്ക് തിരിച്ചടച്ചതിന്റെ വിവരങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കുകയോ തിരിച്ചടച്ച തുകയുടെ കൃത്യത പഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല.

ഒരോ പെൻഷൻ വിതരണത്തിനു ശേഷവും, പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് DBT-യിൽ ബാങ്ക് Deceased എന്ന് രേഖപ്പെടുത്തുന്ന ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും നീക്കം ചെയ്യേണ്ടതായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വീഴ്ചയുണ്ടായി. വിതരണം ചെയ്യാൻ കഴിയാത്ത തുക സഹകരണ ബാങ്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിലും മരണപ്പെട്ടവർ സേവനാ പെൻഷൻ ഡാറ്റാ ബേസിൽ Active Pensioners ആയി നിലനിൽക്കുന്നതിനാൽ തുടർന്നും എല്ലാ മാസവും ഇവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി സർക്കാർ തുക അനുവദിച്ച് വരുന്നു. പെൻഷൻ അനുവദിക്കുന്നതിനോടൊപ്പം വിതരണം ചെയ്യുന്ന ഏജന്റിനുള്ള കമ്മീഷൻ തുകയും അനുവദിക്കുന്നുണ്ട്. വിതരണം ചെയ്യാത്ത പെൻഷൻ തുക സഹകരണ ബാങ്ക് തിരിച്ചടച്ചാലും വിതരണം ചെയ്യുന്ന ആൾക്കുള്ള കമ്മീഷൻ തുക തിരിച്ചടയ്ക്കേണ്ടതില്ല. ഈ ഇനത്തിൽ ഗണ്യമായ നഷ്ടമാണ് സർക്കാർ ഖജനാവിന് ഉണ്ടാകുന്നത്.

ഗ്രാമപഞ്ചായത്തിൽനിന്നും ക്ഷേമപെൻഷൻ കൈപ്പറ്റുന്ന 3317 ഗുണഭോക്താക്കളിൽ ബാങ്ക് അക്കൗണ്ടിലൂടെ പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന 129 ഗുണഭോക്താക്കൾ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടില്ല. 2019 വർഷമാണ് ക്ഷേമ പെൻഷൻ മസ്റ്ററിംഗ് നടത്തിയിട്ടുള്ളത്. ഈ ഗുണഭോക്താക്കൾ 2019-ന് മുമ്പ് തന്നെ മരണപ്പെടുകയോ, അഥവാ മറ്റ് വിധത്തിൽ അനർഹരായി തീരുകയോ (പുനർവിവാഹിതരായവർ) ചെയ്തിട്ടുള്ളവരാണ്. എന്നാൽ ഇപ്രകാരം മരണപ്പെട്ടവരും, അനർഹരായവരും സേവന പെൻഷൻ ഡാറ്റാ ബേസിൽ Active Pensioners ആയി തുടരുകയാണ്. ഇവർക്കുള്ള പെൻഷൻ തുകയും സർക്കാർ ബാങ്കുകൾക്ക് മുടങ്ങാതെ കൈമാറി വരുന്നു. മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഈ തുകകൾ വിതരണം ചെയ്യാതെ ബാങ്കുകൾ തടഞ്ഞുവെച്ചിട്ടുണ്ടെങ്കിലും, ഇപ്രകാരം തടഞ്ഞുവയ്ക്കപ്പെട്ട തുകകൾ ബാങ്കുകൾ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് യഥാസമയം തിരിച്ചടക്കുന്നുണ്ടോയെന്നുള്ള വിവരം പഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

DBT-യിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമായ Bill Discrepancy Report പരിശോധിച്ച് മരണപ്പെട്ടവരെയും, അനർഹരായവരെയും പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കുടിവെള്ള വിതരണം -ജി.പി.എസ്.വിവരങ്ങൾ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം കുടിവെള്ള ക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ ശ്രീ പി.എം നൌഷാദ്എന്നയാൾക്ക് ചുവടെ ചേർക്കും പ്രകാരം 885353 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്.

| തുക | ചെക്ക് നമ്പർ<br>തീയതി |
|---|---|
| 386814 | 32602/12.4.2021 |
| 154016 | 32603/12.4.2021 |
| 241983 | 32619/22-4-21 |
| 102540 | 32932/29-4-21 |
| ആകെ | 885353 |

ചെലവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾകാണുന്നു.

1. സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി 15.02.2021-ലെ സ.ഉ.(സാധാ) നം.446/2021 /തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് ചെലവ് നടത്തിയിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം GPSഘടിപ്പിച്ച ടാങ്കറുകളിൽ ഗുണനിലവാരം ഉറപ്പുവരുത്തി കുടിവെള്ള വിതരണം നടത്തുന്നതിനാണ് അനുമതി നൽകിയിരുന്നത്. GPS ലോഗും, വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ്സ് ചെയ്ത് പരിശോധിച്ച് സുതാര്യത ഉറപ്പു വരുത്തിയ ശേഷമായിരിക്കണം ചെലവ് ചെയ്യേണ്ടത്. എന്നാൽ ജി.പി.എസ്. ലോഗിന്റെ അടിസ്ഥാനത്തിലല്ല കരാറുകാരന് തുക നൽകിയിട്ടുള്ളത്.

2.തുക കൈപ്പറ്റിയ ആളിനെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് തെരഞ്ഞെടുത്തതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ടെണ്ടറുകളുടെ വിവരം ഫയലിൽ ചേർത്തിട്ടില്ല.

3.വിതരണക്കാരനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.വ്യവസ്ഥകൾ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ തുക നൽകിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.രേഖകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും (നം10/6-3-13)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 885353 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഇന്ധന ഉപയോഗം-മതിയായ രേഖകളില്ല

ചുവടെ ചേർത്തിരിക്കുന്ന തീയതികളിൽ പെട്രോൾ വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഉപയോഗം സംബന്ധിച്ച് വിവരം ലഭ്യമായിട്ടില്ല.

| തീയതി | ഇന്ധനത്തിന്റെ അളവ്/ ലിറ്റർ | തുക നൽകിയ വിവരം |
|---|---|---|
| 28.4.2021 | 5 | |
| 7.5.2021 | 5 | |
| 11.5.2021 | 9 | |
| 14.5.2021 | 4 | ചെക്ക് നം.33284/26.7.21<br>54144/- |
| 15.5.2021 | 1 | |
| 19.5.2021 | 2 | |
| 21.5.2021 | 3 | |

| | |
|---|---|
| 24.5.2021 | 5 |
| 28.5.2021 | 5 |
| 1.6.2021 | 5 |
| 5.6.2021 | 5 |
| 14.6.2021 | 5 |
| 17.6.2021 | 5 |
| 28.6.2021 | 5 |
| 29.6.2021 | 5 |

പ്രസ്തുത ഇന്ധനത്തിന്റെ ആവശ്യകത വ്യക്തമായിട്ടില്ല.ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ്ബുക്കിൽ മൈലേജ് സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിച്ചിട്ടില്ല. ആകെ യാത്രചെയ്ത ദൂരം,വാങ്ങിയ ഇന്ധനത്തിന്റെ അളവ്,ഉപയോഗിച്ചത്,നീക്കിബാക്കി എന്നിവയുടെ മാസാന്ത്യ,വർഷാന്ത്യ വിവരങ്ങൾ ലോഗ്ബുക്കിൽ ചേർത്തിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.37/13.3.23)നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-32 വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്ത ഡെപ്പോസിറ്റ് തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 570617 രൂപ വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്തിട്ടുണ്ട്.

| ചെക്ക് നം., തീ. | തുക | റിമാർക്സ് |
|---|---|---|
| 227003/19/02/22 | 176617 | വിശദാംശങ്ങൾ ലഭ്യമല്ല |
| 622380/30.03.22 | 394000 | ചിറ്റാർ തെക്കേക്കര പൈപ്പ് ലൈൻ (2019-20 - ₹34000<br>പട്ടികജാതി കോളനി പൈപ്പ് ലൈൻ (2020-21) - ₹360000 |
| ആകെ | 570617 | |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകകളിൽ ചെലവാകാതെ അവശേഷിച്ച തുകയാണ് ഇപ്രകാരം മടക്കി ലഭിച്ചിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. വികസന ഫണ്ട് ഇനത്തിലുള്ള ഈ തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ച് പഞ്ചായത്തിന്റെ ദൈനംദിന ചിലവുകൾക്കായി വകമാറ്റി ചെലവഴിക്കാവുന്നതല്ല. പ്രസ്തുത തുക സർക്കാർ നിർദ്ദേശാനുസരണം ജൽജീവൻ പദ്ധതിയ്ക്കായി വിനിയോഗിക്കുകയോ, അല്ലാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 1-33 ജാഗ്രതാസമിതി - പ്രവർത്തനം കാര്യക്ഷമമല്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. 06-10-21 ൽ മാത്രമാണ് യോഗം ചേർന്നത്. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രോജക്ട് നം-63/22 പ്രകാരം വികസന ഫണ്ടിൽ നിന്നും 50000 രൂപ വകയിരുത്തിയ പദ്ധതിക്ക് വേണ്ടി 11275 രൂപ മാത്രമാണ് (ജാഗ്രതാ സമിതിയംഗങ്ങൾക്കുള്ള ബോധവൽക്കരണ ക്ലാസ് നടത്തുന്നതിനായി) ചെലവഴിച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖ പ്രകാരം ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് പരിധിയിൽ വരുന്ന എം.എസ്.ഡബ്ളിയു യോഗ്യതയുള്ള ഒരു വനിതയെ ജാഗ്രതാസമിതി ഫെസിലിറ്റേറ്ററായി പ്രതിമാസം 10000 രൂപാ ഹോണറേറിയം നൽകി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

## 1-34 അങ്കണവാടികൾക്ക് പഞ്ചായത്തിൽ നിന്ന് വാടക നൽകുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 12 അങ്കണവാടികളുണ്ട്. അങ്കണവാടികൾക്ക് വാടക നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിൽനിന്ന് പ്രതിമാസം 1000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 5 അങ്കണവാടികൾക്ക് അധിക വാടക നൽകേണ്ടിവരുന്നു. ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അധികവാടക നൽകേണ്ടി വരുന്ന അങ്കണവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സെന്റർ നമ്പർ | സെന്ററിന്റെ പേര് | യഥാർത്ഥ പ്രതിമാസ വാടക | സാമൂഹ്യനീതി വകുപ്പിൽ നിന്ന് ലഭിക്കുന്ന തുക | പ്രതിമാസം അധികം നൽകുന്ന തുക |
|---|---|---|---|---|
| 62 | അഞ്ചേക്കർ കോളനി | 1500 | 1000 | 500 |
| 63 | മണക്കയം | 1500 | 1000 | 500 |
| 66 | ചിറ്റാർ ചരുപ്പ് | 1500 | 1000 | 500 |
| 72 | പുലയൻ പാറ | 2000 | 1000 | 1000 |
| 80 | മീൻകുഴി | 1500 | 1000 | 500 |

സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക അതത് അങ്കണവാടികളിലെ വർക്കർമാർ തന്നെ വഹിക്കുകയാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചു. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് എന്ന് അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നമ്പർ 31055/DC2/2011/ത.സ്വ.ഭ.വ തീയതി 22.03.2011 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പുപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-35 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തുകൾ പ്രാധാന്യം നൽകേണ്ടതാണ് [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1]. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. പഞ്ചായത്തിലെ 10-ാം വാർഡിൽ, നീലിപിലാവ് 74-ാം നമ്പർ അങ്കണവാടി ഒരു ഇടുങ്ങിയ കെട്ടിടം വാടകയ്ക്കെടുത്താണ് പ്രവർത്തിച്ച് വരുന്നത്. ക്ലാസ്സ് റൂമും അടുക്കളയും ഇടുങ്ങിയ മുറികളിലാണ് പ്രവർത്തിക്കുന്നത്. ക്ലാസ്സ് റൂമിലേക്ക് ആവശ്യമായ ഫർണ്ണീച്ചറുകൾ സ്ഥാപിക്കുവാനുള്ള സ്ഥലസൗകര്യമില്ല. ക്ലാസ്സ് മുറിയിലേക്ക് തുറക്കുന്ന അടുക്കളയിൽ ഗ്യാസ് അടുപ്പും വിറകടുപ്പും വളരെ അടുത്തായാണ് സ്ഥാപിച്ചിട്ടുള്ളത്. യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചിട്ടില്ലാത്തതും റോഡിലേക്ക് തുറക്കുന്നതുമായ കെട്ടിടത്തിലാണ് നിലവിൽ അംഗൻവാടി പ്രവർത്തിക്കുന്നത്.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലയാണ്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ഫർണ്ണിച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപ്പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. രണ്ട് അങ്കണവാടികൾക്ക് സ്ഥലം ഉണ്ടെങ്കിലും കെട്ടിടം നിർമ്മിച്ചിട്ടില്ല. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലറ്റ് ഉണ്ടെങ്കിലും എല്ലാ ടോയ്‌ലറ്റുകളും ഉപയോഗ്യ യോഗ്യമല്ല. അടിസ്ഥാന ആവശ്യങ്ങളായ ടോയ്‌ലറ്റ്, സ്വന്തമായി കെട്ടിടം എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച

പഞ്ചായത്തിൽ അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ വീഴ്ച തുടരുന്നു. 2019 സെപ്റ്റംബറിൽ കുടുംബശ്രീ മിഷനിൽനിന്നും അംഗീകാരം ലഭിച്ച പദ്ധതി ഭക്ഷ്യ ധാന്യ വിതരണത്തിൽ മാത്രമായി ഒതുങ്ങി. പൊതു വിഭാഗങ്ങൾക്കുള്ള പദ്ധതിയ്ക്ക് 74.55 ലക്ഷം രൂപയും, പട്ടിക വർഗ്ഗ പദ്ധതിയ്ക്കായി 13.99 ലക്ഷം രൂപയും വകയിരുത്തിയാണ് കർമ്മ പദ്ധതികൾ തയ്യാറാക്കിയിരുന്നത്. പൊതു വിഭാഗത്തിൽ 55ഗുണഭോക്താക്കളും, പട്ടിക വർഗ്ഗ വിഭാഗത്തിൽ 10 കുടുംബങ്ങളുമായിരുന്നു ഉണ്ടായരുന്നത്. 2019-20 മുതൽ 2021-22 വരെ കാലയളവിൽ രണ്ട് പദ്ധതികൾക്കുമായി 6 ലക്ഷം രൂപ വീതം ആകെ 12 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തി നൽകി. 2022-23 വർഷിക പദ്ധതിയിൽ പൊതു വിഭാഗൾക്കുള്ള പദധതിയ്ക്കായി ഒരു ലക്ഷം വകയിരുത്തിയിരുന്നെങ്കിലും ഓഡിറ്റ് തീയതിവരെ തുക നൽകിയിട്ടില്ല. പട്ടിക വർഗ്ഗ വിഭാഗത്തിന് 2022-23 പദ്ധതിയിൽ തുക വകയിരുത്തിയില്ല.

അഗതികൾക്കുള്ള പദ്ധതിയിൽ ഗുണഭോക്തൃ കുടുംബങ്ങളുടെ ശാരീരികാവസ്ഥ, ജീവിതാവസ്ഥ, കുടുംബത്തിന് ലഭിക്കേണ്ട സേവനങ്ങൾ, ആവശ്യമായ തുക, സ്രോതസ്സ്, സേവനം നല്കാൻ ഉദ്ദേശിക്കുന്ന കാലയളവ് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുടുംബത്തിന് നൽകേണ്ട സേവനങ്ങൾ കൃത്യമായും, സമയബന്ധിതമായും ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല. ഭക്ഷണം, ചികിത്സ, വസ്ത്രം, വീട്, ഭൂമി, കുടിവെള്ളം തുടങ്ങി പതിനാലിൽപ്പരം സേവനങ്ങൾ നൽകുന്നതിനാണ് കർമ്മ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയതെങ്കിലും പദ്ധതി നിർവ്വഹണം ഭക്ഷ്യധാന്യ വിതരണത്തിൽ മാത്രം ഒതുങ്ങി. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകേണ്ട മറ്റ് സേവനങ്ങൾ ഒന്നും നൽകിയിട്ടില്ല. ഭക്ഷ്യധാന്യ വിതരണത്തിനായി പൊതവിഭാഗങ്ങൾക്ക് 911594 രൂപയും, പട്ടിക വർഗ്ഗ വിഭാഗത്തിന് 128406 രൂപയും ചെലവഴിച്ചു. ചെലവ് ശതമാനം മൊത്തം പദ്ധതി അടങ്കലിന്റെ യഥാക്രമം 12%-വും, 9%-വും മാത്രമാണ്.

ഓഡിറ്റ് തീയതിയിൽ പൊതു വിഭാഗം/പട്ടിക വർഗ്ഗം പദ്ധതികൾക്കുള്ള ബാങ്ക് അക്കൗണ്ടുകളിൽ യഥാക്രമം 3627785.50 രൂപയും, 1396779 രൂപയും ബാലൻസ് ഉണ്ട്. പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന സേവനങ്ങൾ കൃത്യമായും, സമയബന്ധിതമായും നൽകാത്തതിനാലാണ് ഇപ്രകാരം വൻതുക അക്കൗണ്ടിൽ കെട്ടി കിടക്കുന്ന സ്ഥിതി ഉണ്ടായിട്ടുള്ളത്.

പദ്ധതിയുടെ മോണിട്ടറിംഗ് ഫലപ്രദമല്ല. പദ്ധതി മോണിട്ടറിംഗിന് വിലയിരുത്തൽ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും, സമിതി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുന്നില്ല. പദ്ധതിയുടെ നിർവ്വഹണ പുരോഗതി പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തുകയോ, പദ്ധതിയുടെ നടത്തിപ്പിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല. മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.)നം.252/2017/തസ്വഭവ., തീ. 12.12.2017) നിർദ്ദേശങ്ങൾക്കനുസൃതമായി ഓരോ സാമ്പത്തിക വർഷത്തിനും മുന്നോടിയായി പദ്ധതി പുനപരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ഇക്കാരണത്തിൽ അനർഹരെ ഗുണഭോക്തൃപട്ടികയിൽനിന്നും ഒഴിവാക്കുന്നതിനോ, അർഹമയ കുടുംബങ്ങളെ പദ്ധതിയിൽ ചേർക്കുന്നതിനോ കഴിയുന്നില്ല. അഗതി കുടുംബം ഉൾപ്പെടുന്ന അയൽക്കൂട്ടം പ്രസ്തുത കുടുംബത്തിനായുള്ള പ്രോജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തുകയും, 'അഗതി കുടുംബ മോണിറ്ററിംഗ് രജിസ്റ്റർ' സൂക്ഷിക്കുകയും ചെയ്യണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല.

അഗതി രഹിത കേരള പദ്ധതിയുടെ നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ചയിലേക്ക് ഭരണ സമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു. പദ്ധതി വിഭാവനം ചെയ്ത പ്രകാരം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 എഫ്.എച്ച്.സിക്ക് മരുന്നു വാങ്ങൽ- മരുന്നു പൂർണ്ണമായി ലഭിച്ചില്ല

2021-22 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്തിലെ എഫ്.എച്ച്.സിക്ക് മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 350000 രൂപ മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പണം അടവാക്കിയ സ്ഥാപനം | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ (പ്രോ.നം.11/19) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 350000 | 287160 | 62840 |

ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാർശ്വഭിത്തി നിർമ്മാണത്തിന് (DR Masonry) പ്രായോഗികമല്ലാത്ത നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകിയതുമൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഗണ്യമായ നഷ്ടം വന്നു.

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ DR കല്ല് കെട്ടിന് Observed Data യും DSR-2016 പ്രകാരമുള്ള നിലവിൽ കേരളത്തിൽ ഉപയോഗിക്കാത്ത നിരക്കും (75.7.1) എസ്റ്റിമേറ്റുകളിൽ നൽകിയതായി കണ്ടു. Observed Data പ്രകാരമുള്ള എസ്റ്റിമേറ്റിൽ ₹2809.90/m3എന്ന നിരക്ക് നൽകുമ്പോൾ Bond Stone ഉപയോഗിച്ചുള്ളDSR 75.7.1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ നിരക്ക് ₹4043.42/m3 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്ക് വർദ്ധനയ്ക്ക് കാരണം കേരളത്തിൽ ഉപയോഗത്തിൽ ഇല്ലാത്ത Bond Stone ന്റെ നിരക്കും ഇത് സ്ഥാപിക്കുന്നതിനായി നൽകേണ്ടി വരുന്ന ലേബർ ചാർജ്ജുമാണ്. അതിനാൽ 75.7.1 എന്ന DSR നിരക്ക് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. Observed Data നിലവിലിരിക്കെ, ഇത്തരത്തിൽ പ്രായോഗികമല്ലാത്ത നിരക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനു വിശദീകരണം നൽകേണ്ടതാണ്.

2021-22 ൽ DR കല്ല് കെട്ടിന് എസ്റ്റിമേറ്റിൽ Observed Data ഉൾപ്പെടുത്തിയ പദ്ധതികൾ താഴെ പറയുന്നു. ഈ പദ്ധതികളുടെ എസ്റ്റിമേറ്റിൽ 2809.90/m3 എന്ന നിരക്കാണ് നൽകിയിരുന്നത്.

1) 152/2021-22 വയ്യാറ്റുപുഴ കുളങ്ങരവാലി റോഡ് സംരക്ഷണഭിത്തി

2) 147/2021-22 മീൻകുഴി NSS പടി ഫാക്ടറിപ്പടി റോഡ് സംരക്ഷണഭിത്തി

3) 138/2021-22 തോട്ടം LPS മണക്കയം റോഡ് സംരക്ഷണഭിത്തി.

DR കല്ല് കെട്ടിന് Observed Data പ്രകാരം നൽകിയ നിരക്ക്.

A. Od924231/2020-21

DRY RUBBLE MASONRY _ Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc. Complete As Per Direction Of Departmental Officers At Site

| Code | Dscription | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| M-148 | Stone For RR Masonry | Cum | 1.05 | 987.08 | 1036.43 |
| L-11 | Mason (Ist Class) | Day | 0.80 | 487 | 389.60 |
| L-29 | Mazdoor (Unskilled) | Day | 0.70 | 368 | 257.6 |
| Total | | | | | 1683.63 |
| Add Overhead@10% | | | | | 168.36 |
| Add Contractors Profit @ 10% | | | | | 185.19 |
| Cost Index37.93% | | | | | 772.70 |
| Total With Cost Index | | | | | 2809.90/M3 |

എന്നാൽ ഉപയോഗത്തിലില്ലാത്ത Bond Stone ഉപയോഗിച്ചതായി കാണിച്ചിട്ടുള്ള എസ്റ്റിമേറ്റുകളിൽ വലിയ നിരക്കാണ് നൽകുന്നത്.

DR കല്ല് കെട്ടിന് Bond Stone ഉപയോഗിച്ച എന്നതിനു നൽകുന്ന ഉയർന്ന നിരക്ക്.

B. 75.7.1

DRY RUBBLE MASONRY _ Dry Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications.

| Code | Dscription | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| M-148 | Stone For RR Masonry | Cum | 1 | 987.08 | 987.08 |
| M-361 | Through Bond Stone (7 No's 0.24x0.24x0.39-0.16m3) | No | 7 | 15.35 | 107.45 |
| L-12 | Mate | Day | 0.12 | 407 | 48.84 |

| | | | | | |
|---|---|---|---|---|---|
| L-11 | Mason (Ist Class) | Day | 1.2 | 487 | 584.4 |
| L-29 | Mazdoor (Unskilled) | Day | 1.8 | 368 | 662.4 |
| L-21 | Bhisti | Day | 0.08 | 407 | 32.56 |
| Total | | | | | 2422.73 |
| Add Overhead@10% | | | | | 242.27 |
| Add Contractors Profit @ 10% | | | | | 266.50 |
| Cost Index37.93% | | | | | 1111.91 |
| Total With Cost Index | | | | | 4043.42/m3 |

Bond Stone നിരക്ക് , ഇത് സ്ഥാപിക്കുന്നതിനുള്ള Mate, Mason, Mazdoor, Bhisti എന്നിവ Observed Data യേക്കാൾ ഉയർന്ന നിരക്കിലാണ്. Bond Stone മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ഇതിനായി നൽകുന്ന തുക അംഗീകരിക്കാനാവില്ല. ആയതിനാൽ ഈ രണ്ടു എസ്റ്റിമേറ്റുകൾ തമ്മിലുള്ള വ്യത്യാസം ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു.DR കല്ല് കെട്ടിന് DSR (75.7.1) Through/Bond Stone എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| DR കല്ല് കെട്ടിനു Observed Data പ്രകാരമുള്ള നിരക്ക്. Od924231/2020-21 (M3 ന്) | Through/Bond Stone DR കല്ല് കെട്ടിനു DSRപ്രകാരമുള്ള നിരക്ക് -75.7.1 (M3 ന്) | അധികമായി നൽകുന്ന തുക (M3 ന്) |
|---|---|---|
| 2809.90 | 4043.42 | 4043.42-2809.9 = 1233.52 |

ഇപ്രകാരം എസ്റ്റിമേറ്റിലെ അപാകതകൾ മൂലം ഒരു ഘന അടിക്ക് ₹1233.52 രൂപ അധികമായി നൽകേണ്ടി വരുന്നുണ്ട്.

തൻ വർഷം ഗ്രാമപഞ്ചായത്തിൽ DSR (Through/Bond Stone) ഉപയോഗിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റുകളിലൂടെ സ്ഥാപനത്തിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/പേര്/ എം ബുക്ക് നം | ഫണ്ട്, ബിൽ തുക, ബിൽ നമ്പർ /തീയതി | DSR (Through/Bond Stone) പ്രകാരം നൽകിയ നിരക്ക് (M3x4043.42) (A) | Observed Data Od924231/2020-21 പ്രകാരം നൽകാവുന്ന നിരക്ക (M3 X2809.90) (B) | ടെണ്ടർ വ്യത്യാസം കൂടി പരിഗണിക്കുമ്പോൾ അധികമായി നൽകിയ തുക (A-Tender Diff)-(B-tender Diff) |
|---|---|---|---|---|---|
| 1 | 53/2021-22, മീൻകുഴി വടക്കേക്കര റോഡിൽ സംരക്ഷണഭിത്തി. 6/2021-22 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്), 234317 ബിൽ നം. 334/ 15.03.2022 | 65 X 4043.42 =262850.60 | 65 X 2809.90 = 182643.5 | 181919-126408 = 55511 (30.7899% ടെണ്ടർ കുറവ്) |
| 2 | 165/2021-22, തേറകത്ത് മണ്ണ് റോഡ് സംരക്ഷണ ഭിത്തി, 65/2021-22 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്), 349573 ബിൽ നം.192/ 29.01.2022 | 100.126 X 4043.42 = 404852.48 | 100.126 X 2809.90 = 281344 | 288344-200401 =87943 (28.778% ടെണ്ടർ കുറവ്) |
| 3 | 164/2021-22, കൊട്ടുമുടി വടക്കേക്കര റോഡ് 26/2021-22 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്), 238294 ബിൽ നം.313/ 09.03.2022 71308 | 43.6095 X 4043.42 =176331 | 43.6095 X 2809.90 = 122538 | 124629-86608 =38021 (29.3210% ടെണ്ടർ കുറവ്) |

| | | | | | |
|---|---|---|---|---|---|
| | | ബിൽ നം.11/<br>11.05.2022 | | | |
| 4 | 51/2021-22,<br>മീൻകുഴി വടക്കേക്കര റോഡിൽ ലക്ഷം വീട് പടി റീ കോൺക്രീറ്റിംഗ്<br>27/2021-22 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്),<br>252343<br>ബിൽ നം.<br>07/11.05.2022 | 23.256 X<br>4043.42<br>= 94034 | 23.256 X<br>2809.90<br>= 65347 | 64583-44880<br>= 19703<br>(31.32%<br>ടെണ്ടർ കുറവ്) |
| 5 | 54/2021-22,<br>വയ്യാറ്റുപുഴ കൊച്ചുകുളങ്ങരിവാലി റോഡ് ഐറിഷ്<br>10/2021-22 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്),<br>576604<br>ബിൽ നം.191/<br>29.01.2022 | 71.22 X 4043.42<br>= 287972 | 71.22 X<br>2809.90<br>= 200121 | 196973- 136882<br>= 60091<br>(31.60%<br>ടെണ്ടർ കുറവ്- Item Rate<br>2765/M3) |
| 6 | 58/2021-22,<br>തേറകത്തുമണ്ണ് ക്ഷേത്രംപടി പാലം നവീകരണം.<br>09/2021-22 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്),<br>238255<br>ബിൽ നം.253/<br>18.02.2022 | 21.6 X 4043.42<br>=87338 | 21.6 X2809.90<br>= 60694 | 62204-43228<br>=18976<br>(28.7778%<br>ടെണ്ടർ കുറവ്) |
| | ആകെ | | | | 280245 |

താഴെ പറയുന്ന പ്രവൃത്തി 2018 DSR നെ ആസ്പദമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതാണ്.Bond Stone ഉപയോഗിക്കുന്ന എസ്റ്റിമേറ്റ് ഒഴിവാക്കി DSR Code 60.7.1 ഉപയോഗിക്കുമ്പോൾ ₹3535.21/m3 രൂപ മാത്രമാണ് ചെലവു വരിക. ഇപ്രകാരമുള്ള നിരക്ക് തൻ വർഷംചിറ്റാർ തോട്ടം LPS മെയിന്റനൻസ് എന്ന പദ്ധതിയിൽ ( പ്രൊജക്ട് നമ്പർ 221/2021-22) ഉപയോഗിച്ചതുമാണ്. ഈ നിരക്ക് നിലനിൽക്കെ എസ്റ്റിമേറ്റിൽ മാർക്കറ്റിൽ ലഭ്യമല്ലാത്ത Bond Stone ഉപയോഗിച്ചതിനുള്ള നിരക്ക് നൽകിയത് അംഗീകരിക്കാനാവില്ല.

| ക്രമ നം | പ്രൊജക്ട് നം/പേര്/ എം ബുക്ക് നം | ഫണ്ട്,<br>ബിൽ തുക,<br>ബിൽ നമ്പർ /തീയതി | DSR 2018 -75.7.1<br>(Through/Bond Stone)<br>പ്രകാരം നൽകിയ നിരക്ക്<br>(M3x5988.21)<br>(A) | DSR 2018 (60.7.1)<br>പ്രകാരം നൽകാവുന്ന നിരക്ക്<br>(M3 X3535.21)<br>(B)<br>(2575x37.29% Cl) | ടെണ്ടർ വ്യത്യാസം കൂടി പരിഗണിക്കുമ്പോൾ<br>അധികമായി നൽകിയ തുക<br>(A-Tender Diff)-(B-tender Diff) |
|---|---|---|---|---|---|
| 1 | 203/2021-22,<br>മീൻകുഴി കൈലാസംപടി റോഡ് സംരക്ഷണഭിത്തി<br>45/2021-22 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്),<br>229428<br>ബിൽ നം.<br>410/<br>25.03.2022 | 25.952x5988.21<br>= 155406 | 25.952x3535.21<br>= 91746 | 154632-<br>91289<br>= 63343<br>(0.498% ടെണ്ടർ കുറവ്) |
| | ആകെ | | | | 63343 |

അപാകതകൾക്ക് അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകേണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ രാഘവൻ P.C മറുപടി നൽകിയില്ല. ബോണ്ട് സ്റ്റോൺ സ്ഥാപിക്കാത്തതിനാൽ ഇതിനായി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതുമൂലം സ്ഥാപനത്തിനുണ്ടായ നഷ്ടമായ ₹343588 രൂപ (280245+63343) . ഓഡിറ്റിൽ നിരാകരിക്കുന്നു . തുക ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർമ്മാരായ ശ്രീ രാഘവൻ P.C, ശ്രീമതി അനിതകുമാരി M.T എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഈടാക്കേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾക്കായ ഖണ്ഡിക 4-9 കാണുക.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 135/22 (SO) - മൺപിലാവ് സ്കൂളിന് ടോയ് ലറ്റ് നവീകരണം | 500000 | 425384 | 74616 |
| ബ്ലോക്ക് പഞ്ചായത്ത് | 150/22 (SO) - കോതയാട്ടുപാറ അംഗനവാടി നിർമ്മാണം | 500000 | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 14/22 - ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 199675 | 325 |
| ബ്ലോക്ക് പഞ്ചായത്ത് | 19/22 - സുഭക്ഷ കേരളം- സമഗ്ര വാഴ കൃഷി | 400000 | 348300 | 51700 |
| ബ്ലോക്ക് പഞ്ചായത്ത് | 21/22 - സുഭിക്ഷ കേരളം- സമഗ്ര ഇടവിള കൃഷി | 200000 | 199500 | 500 |
| ബ്ലോക്ക് പഞ്ചായത്ത് | 68/22 - ക്ഷീരകര്ഷകർക്ക് പാലിൻറെ ഉത്പാദനത്തിന് ഇന്സ്ൻറീവ് (വനിത) | 500000 | 473133 | 26867 |
| ബ്ലോക്ക് പഞ്ചായത്ത് | 69/22 - ക്ഷിരകർഷകർക്ക് പാലിൻറെ ഉത്പാദനത്തിന് അനുസരിച്ച ഇൻസൻറീവ് | 500000 | 74434 | 425566 |
| ജില്ലാ പഞ്ചായത്ത് | 21/22 - സുഭിക്ഷ കേരളം- സമഗ്ര ഇടവിള കൃഷി | 300000 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 69/22 - ക്ഷിരകർഷകർക്ക് പാലിൻറെ ഉത്പാദനത്തിന് അനുസരിച്ച ഇൻസൻറീവ് | 300000 | 199212 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. , തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 114/22 - ചിറ്റാറിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 261/ 19-02-2022 | 1181844 | 0 | 1181844 |
| കേരള വാട്ടർ അതോറിറ്റി | 6/22 - ജലജീവൻ മിഷൻ – ഗാർഹിക കണക്ഷന് വിഹിതം | 57/13-10-2021 | 834707 | 0 | 834707 |
| കേരള വാട്ടർ അതോറിറ്റി | 125/22 - വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 272/ 24-02-2022 | 755300 | 0 | 755300 |
| കേരള ഭൂജല വകുപ്പ് | 123/22 - നീലിപിലാവ് 74-ാം നമ്പര് അങ്കണവാടിക്ക് കുഴൽകിണർ നിർമ്മാണം | 283/ 02-03-2022 | 47124 | 0 | 47124 |

### 4-3 മൊബലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബിക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 8192392 | 7578040 | 616000 | 0 | 6962040 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കവരുത്തിയ ആളിന്റെ പേര് | രസീത് നം., തീയതി |
|---|---|---|---|---|
| 2017-18 | 2-7 | 1250 | ശ്രീ ഉമേഷ് ഉദയൻ | 121050101853 |
| 2018-19 | 2-10 | 7868 | ശ്രീ വർഗ്ഗീസ് പി.എം. | 121050102115 |
| 2000-01 | 15 | 3590 | ശ്രീ വിജയസേനൻ | 121050102834 |
| 1996-99 | 27(2) | 63 | സെക്രട്ടറി | 121050102986 |
| 1996-99 | 26 | 144 | സെക്രട്ടറി | 121050102985 |
| 1999-2000 | 11(2) | 50 | ശ്രീമതി സുധ | 121050102984 |
| 1999-2000 | 9(4) | 50 | ശ്രീമതി വിലാസിനി | 121050102982 |
| 1999-2000 | 9(3) | 60 | ശ്രീമതി സാവിത്രിയമ്മാൾ | 121050102981 |
| 1999-2000 | 9(2) | 50 | ശ്രീമതി വിലാസിനി | 121050102980 |
| 1999-2000 | 11(1) | 50 | ശ്രീമതി വിലാസിനി | 121050102983 |
| 2002-03 | 2(5) | 100 | സെക്രട്ടറി | 121050102979 |
| ആകെ | | 13275 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 – 2012-13 | 3-17 | 2014-15 | 4.1.14 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം. മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നു. | പരാമർശം നിലനിൽക്കുന്നു. |
| 2011-12 – 2012-13 | 3-14(lii) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | പരാമർശം നിലനിൽക്കുന്നു. |
| 2011-12 – 2012-13 | 3-14 (l) | 2014-15 | 4.1.6 | അടഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 109173226.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79417670.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 343588 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1210219 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | ₹343588 | ₹195554 – ശ്രീ P.C രാഘവൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ.<br>(ആദ്യ ടേബിൾ ക്രമ നം 1,3,4,6, രണ്ടാം ടേബിൾ ക്രമ നം 1 പ്രകാരം)<br>₹148034 - ശ്രീമതി അനിത കുമാരി M.T,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>(ആദ്യ ടേബിൾ ക്രമ നം 2,5 പ്രകാരം) |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 324866 | ശ്രീ മുഹമ്മദ് റിസ, സെക്രട്ടറി |
| 1-30 | 885353 | ശ്രീ ബാലചന്ദ്രൻ.ഡി,സെക്രട്ടറി |
| ആകെ | ₹1210219 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബാലചന്ദ്രൻ.ഡി, സെക്രട്ടറി | വിരമിച്ച | ആനന്ദവിലാസം,ചിതറ,ആയിരംകുഴിപി.ഒ,കൊല്ലം |
| ശ്രീ മുഹമ്മദ് റിസ, സെക്രട്ടറി | സെക്രട്ടറി,നിലമേൽ ഗ്രാമപഞ്ചായത്ത് | കൊപ്പത്തിൽ വീട്,കൈതോട് പി.ഒ,നിലമേൽ |
| ശ്രീ രാഘവൻ P.C, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചിറ്റാർ ഗ്രാമപഞ്ചായത്ത് | വൈകുണ്ഠം, പുത്തനമ്പലം P.O, കടമ്പനാട്, പത്തനംതിട്ട |
| ശ്രീമതി അനിത കുമാരി എം റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക, ആനന്ദപ്പള്ളി P.O, അടൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി4/974/07 തീയതി 13.06.2008 | 2 (ഖ.2-1, 2-2) |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/975/07 തീയതി 13.06.08 | 2 (ഖ.2-1, 2-2) |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.3/976/07 തീയതി 10.07.08 | 1 (ഖ.2-1) |
| 1999-00 | എൽ.എഫ്.പി.റ്റി.എ.പി.3/37/02 | 2 (ഖ.24, 26) |

| | | |
|---|---|---|
| (ചെലവ്) | തീയതി 31.05.02 | |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.4/384/07 തീയതി 10.07.08 | 1 (ഖ.2-1) |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.4/384/03 തീയതി 10.12.2003 | 3 (ഖ.21, 38, 41-2) |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ.പി.4/978/07 തീയതി 10.7.2008 | 4 (ഖ.2-1, 2-2, 2-3, 2-4) |
| 2001-02 ജനകീയാസൂത്രണം | എൽ.എഫ്.പി.റ്റി.എ.പി.4/523/04 തീയതി 01.02.2005 | 4 (ഖ. 14, 16, 22,23) |
| 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ.പി.4/576/06 തീയതി 05.10.2006 | 3 (ഖ.2-10, 2-12, 2-14) |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.4/113/08 തീയതി 04.11.2008 | 2 (ഖ.2-4, 3-10) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി5/705/08 തീയതി 12.05.2009 | 15 (ഖ. 2-1(a), 2-3, 3-3, 3-7, 3-10, 3-11, 3-16, 3-17, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി5/744/08 തീയതി 31.07.2009 | 25 (ഖ.2-1, 2-3, 2-5, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-12, 3-14, 3-15,3-16,3-22,3-23,3-24,3-25,3-27,3-28,3-29,3-30,3-31,3-32) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.8/840/11 തീയതി 07.12.2011 | 2 (ഖ.3-13, 3-14) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.8/841/11 തീയതി 07.09.2011 | 5 (ഖ.2-2, 2-3, 3-2(1), 3-2(2), 3-4) |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ. പി6/779/14 തീയതി 03.12.2014 | 4 (ഖ.3-3, 3-4, 3-5, 3-7) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.12/1284(a) /2016, തീ. 03.12.2016 | 5 (2-1, 2-4, 2-13, 3-20, 3-21) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.12/1094 /2017, തീ. 10.10.2017 | 11 (2-2, 3-5, 3-6, 3-7(a), 3-9, 3-14, 3-15, 3-19, 3-24, 3-32, 3-33 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.3/133 /2019, തീ. 06.03.2019 | 17 (2-3, 2-4(a), 2-8, 2-11, 2-13, 2-14, 3-1, 3-2, 3-6(a), 3-6(b), 3-7(a), 3-8, 3-9, 3-17, 3-18,4-2) |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി13 /731/2019, തീ. 16.09.2019 | 26 (1-11,2-5,2-6, 2-7, 2-9, 2-10, 3-1, 3-3, 3-6, 3-9, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-20, 3-21, 3-22, 3-23, 3-24, 3-26, 3-27, 3-28, 3-32) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി4-307/22, തീ. 25/03/2022 | എല്ലാ ഖണ്ഡികകളും. |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി4/547/21, തീ. 12/07/2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്